എസ്. കാച്ചപ്പിള്ളി

# ദുരന്തങ്ങൾ നൽകുന്ന പാഠം

എസ്. കാച്ചപ്പിള്ളി

**Duranthangal Nalkunna Padam**
(Essays - Malayalam)

*Author:*
S. Kachappilly

Phone: 0484 2492784
E-mail: sebastiankachappily@yahoo.com

*Design & Print at:*
Viani Printings, Kochi-682018
Ph : 0484 - 2401635

*Published by:*
Samskara, Nayarambalm
Kochi - 682 509

*Published on:*
June 2016

*Distributed by:*
Samskara Nayarambalm
Kochi - 682 509

Price : ₹30

# ഉള്ളടക്കം


ദുരന്തങ്ങൾ നൽകുന്ന പാഠം ............ 05

തെരുവ് നായ്ക്കൾ ............ 07

ദീപിക ദിനപത്രം ............ 08

ചെന്നൈ നല്കുന്ന പാഠം ............ 09

ആം ആദ്മി പാർട്ടി ............ 10

വാർത്താബോർഡുകൾ ............ 11

അഴിമതി ............ 12

ഇംഗ്ലീഷ് മീഡിയം ............ 13

പഞ്ചിംങ്ങ് ............ 14

മാളുകൾ നൽകുന്ന പാഠം ............ 15

സ്ക്കൂൾ പഠന നിലവാരം ............ 16

എഞ്ചിനീയറിംഗ് വിദ്യാഭ്യാസം ............ 17

മലയാളിയുടെ വൃത്തിയില്ലായ്മ ............ 18

ജീവനക്കാരന്റെ കാര്യക്ഷമത ............ 19

ദേശീയ അവധി ദിനങ്ങൾ ............ 21

മെറ്റൽ റോഡുകൾ ............ 23

റവന്യൂ വരുമാനവും ജീവനക്കാരും ............ 24

ബാറും മദ്യനിരോധനവും ............ 25

വോട്ടും ജനാധിപത്യവും ............ 26

സ്ത്രീ ശാക്തീകരണം ............ 27

കൂര വയ്ക്കാൻ ഭൂമി ............ 29

കഥ ഇതുവരെ ........ 31
വിവിധങ്ങളായ തൊഴിലിടങ്ങൾ ........ 32
നീരയും തദ്ദേശ സ്ഥാപനങ്ങളും ........ 33
'നമ്മുടെ ജനാധിപത്യവും ബാർ ഉടമകളും' ........ 35
പെട്രോളും നികുതിയും ........ 37
അവയവ ദാനവും റോഡുകളും ........ 39
ദൈവഭയം ........ 41
സഭയും പ്രേഷിത പ്രവർത്തനവും ........ 42
സീക്ക വൈറസും കൊതുകും ........ 43
വിദ്യാർത്ഥി രാഷ്ട്രീയം ........ 45
ട്വന്റി 20 നൽകുന്ന തിരിച്ചറിവ് ........ 47

# 1. ദുരന്തങ്ങൾ നൽകുന്ന പാഠം

**ജ**നാധിപത്യ രാഷ്ട്രങ്ങളിൽ രാഷ്ട്രീയ പാർട്ടികളോടു വിധേയത്വം തോന്നുക സ്വാഭാവികമാണ്. എത്രത്തോളം വിധേയത്വമാകാം എന്ന താണ് ആലോചന വിഷയമാക്കേണ്ടത്. പലപ്പോഴും ഇത്തരം വിധേയത്വ ങ്ങൾ ചില ദുരന്തങ്ങളിലേക്ക് നയിക്കപ്പെടാറുണ്ട്. സിനിമയിലും മറ്റും ആരാധന മൂത്ത് നടന്മാരേയും നടിമാരേയുമൊക്കെ അനുകരിക്കുക എന്നത് സാധാരണ സംഭവങ്ങളാണ്. അത്തരം ആരാധനകൾ സിനിമ യിലെ പോലെ രാഷ്ട്രീയ പാർട്ടികളോടും ഉണ്ടാകുമ്പോഴാണ് ജനാധി പത്യപരമായ ആത്മഹത്യകൾ അല്ലെങ്കിൽ തിരുത്താനാവാത്ത തെറ്റു കൾ സംഭവിക്കുന്നത്. എൻഡോസൾഫാൻ മൂലമുണ്ടായ ദുരന്തം അത്തര മൊരു തിരുത്താനാവാത്ത തെറ്റു തന്നെയാണ്.

അധികാരത്തിന്റെ ഇടനാഴികളിൽ കാലിടറാതെ നിലയുറപ്പിക്കുക എന്നത് കേരള രാഷ്ട്രീയത്തിലായാലും ഭാരത രാഷ്ട്രീയത്തിലായാലും എതൊരു രാഷ്ട്രീയ നേതാക്കളുടേയും ലക്ഷ്യമായി മാറിയിരിക്കുന്നു. ഈ ലക്ഷ്യപ്രാപ്തിക്കായി ചില വിട്ടു വീഴ്ചകൾ ചെയ്യുവാൻ ഇത്തരം നേ താക്കൾ ശ്രമിക്കുന്നു എന്നതും നമ്മുടെ ജനാധിപത്യ രാഷ്ട്രീയത്തിലെ പരാജയമായി കാണേണ്ടിയിരിക്കുന്നു. അത്തരം വീട്ടുവീഴ്ചകൾ നമ്മുടെ ജീവനെപ്പോലും ബാധിക്കും വിധം വളർന്നിരിക്കുന്നു എന്നതാണ് എൻ ഡോസൾഫാൻ നൽകുന്ന മുന്നറിയിപ്പ്.

സാധാരണ രീതിയിൽ രാസപദാർത്ഥങ്ങളുമായി ഇടപെടുമ്പോൾ ചില മുൻകരുതലൊക്കെ എടുക്കപ്പെടേണ്ടതാണ്. ഇരുപത്തൊന്നാം നൂറ്റാണ്ടിൽ ഇത്തരം മുൻകരുതലിനെപ്പറ്റി ബോധ്യപെടുത്തേണ്ട ആവശ്യകതയില്ല. ജൈവകൃഷി രീതികളുടെ ആവശ്യകതയെപ്പറ്റി പുതുതലമുറയും ഏറെ ബോധവാന്മാരാണ്. ഇതിൽ നിന്നെല്ലാം നമ്മുടെ ആരോഗ്യ പരിരക്ഷ തന്നെയാണ് ലക്ഷ്യമിടുന്നത്.

എപ്പോഴെല്ലാം ആരോഗ്യ പരിരക്ഷയെപ്പറ്റി ബോധ്യമില്ലാത്ത വിധം പെരുമാറിയിട്ടുണ്ടോ, അപ്പോഴെല്ലാം ആരോഗ്യപരമായ പോരായ്മകൾ സംഭവിക്കുകയും തുടർന്ന് ആശുപത്രി പരിചരണം അനിവാര്യമാവുകയും ചെയ്തിട്ടുണ്ട്. കാർഷിക മേഖല സ്തംഭനത്തിലായ കേരളത്തിന് ഭക്ഷ്യ വസ്തുക്കളിൽ ആരോഗ്യ പരിരക്ഷ നേടിയെടുക്കാനാവാത്ത സ്ഥിതി യാണ് നിലനിൽക്കുന്നത്. എൻഡോസൾഫാൻ പോലുള്ള മാരക കീടനാ ശിനികൾ പ്രയോഗിച്ച ഭക്ഷ്യ വസ്തുക്കൾ കഴിക്കേണ്ടി വരുന്ന കേരളീ യന്റെ ഗതികേടിനെപ്പറ്റി ഏറെ ചർച്ച ചെയ്തിട്ടുള്ളതാണ്.

ജനസാന്ദ്രതയിലെന്നപോലെ ആരോഗ്യപരമായും വിദ്യാഭ്യാസപര മായും കേരളം വളരെ മുന്നിട്ടു നിൽക്കുന്നു. അത്തരമൊരു സംസ്ഥാന

ത്താണ് ഹെലിക്കോപ്റ്റർ മുഖേന കീടനാശിനി പ്രയോഗം നടത്തിയത് എന്നത് നമ്മുടെ രാഷ്ട്രീയ വിധേയത്വത്തിന്റെ തിരുത്താനാവാത്ത തെറ്റു തന്നെയാണ്. ഇത്തരം കാര്യങ്ങളിൽ കേരളത്തിന്റെ രാഷ്ട്രീയ മേധാവികൾ എടുത്ത തീരുമാനങ്ങൾ ആത്മഹത്യാപരമായി മാറി എന്നത് ജനാധിപത്യ രാജ്യത്തിൽ സംഭവിക്കാൻ പാടില്ലാത്തതു തന്നെയാണ്. ഇത്തരം പാഠങ്ങളായിരിക്കണം ജാഗ്രത പാലിക്കാൻ നമ്മളെ നിർബന്ധിതരാക്കേണ്ടത്. ഇനിയൊരിക്കലും അടുത്ത തലമുറയെ ബലികഴിക്കും വിധം രാഷ്ട്രീയ വിധേയത്വം മൂലമുള്ള വിട്ടുവീഴ്ചകൾക്ക് നിന്നു കൊടുക്കാതിരിക്കാൻ നമുക്ക് ശ്രമിക്കാം.

■

# 2. തെരുവ് നായ്ക്കൾ

**കേ**രളം തെരുവ് നായ്ക്കളെ കൊണ്ട് നിറയുകയാണോ എന്ന് സംശയം. പത്രവാർത്തകൾ വിശ്വസിക്കാമെങ്കിൽ കേരളം തെരുവ് നായ്ക്കളെ കൊണ്ട് നിറയുകയാണ്. നായ്ക്കൾക്ക് ഭക്ഷണം കഴിക്കാതെ ജീവിക്കാൻ കഴിയില്ല എന്നതു വാസ്തവം. ആവശ്യമായ ഭക്ഷണം കഴിച്ച് അനുകൂലമായ സാഹചര്യം നിലനിൽക്കുമ്പോൾ തെരുവ്നായ്ക്കൾക്കും പെറ്റുപെരുകാതെ വയ്യ. തീർച്ചയായും തെരുവ്നായ്ക്കൾക്ക് ഭക്ഷണം കൊടുക്കുന്നത് അതത് പ്രദേശവാസികളാണെന്ന കാര്യത്തിൽ സംശയവുമില്ല.

നമ്മുടെ ഭക്ഷണ അവശിഷ്ടങ്ങളും മറ്റു വിസർജ്യാവശിഷ്ടങ്ങളും റോഡിനരുകിലും ഒഴിഞ്ഞ പ്രദേശങ്ങളിലും നിക്ഷേപിക്കുന്നു. ഇങ്ങനെ നിക്ഷേപിക്കുന്നവ തെരുവ് നായ്ക്കൾക്ക് ആവശ്യമുള്ളതിനേക്കാൾ കൂടുതലാണ്. ആവശ്യത്തിലധികമുള്ളവ മനുഷ്യന് രോഗബാധയുണ്ടാക്കുവാൻ പര്യാപ്തമാവും വിധം ചീഞ്ഞളിഞ്ഞ് ദുർഗന്ധം പരത്തി അവശേഷിക്കുന്നു. അങ്ങനെ നോക്കുമ്പോൾ തെരുവ് നായ്ക്കൾ ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിനെ രോഗബാധ തടയുംവിധം സംരക്ഷിക്കുന്നു. ഇത് വെളിവാക്കുന്നത് കേരളത്തിൽ മാധ്യമ സഹായത്തോടെ തെരുവ് നായ് വേട്ട നടത്തുന്നത് യഥാർത്ഥ പ്രശ്നത്തിൽ നിന്നുള്ള ഒളിച്ചോട്ടവും വേട്ടയാടാനുള്ള ക്രൂരമായ മനസ്സിന്റെ പ്രചോദനവുമാണ്.

വിദ്യാഭ്യാസപരമായും ആരോഗ്യപരമായും വളരെ മുന്നിൽ ആണ് എന്നവകാശപ്പെടുന്ന കേരളീയനാണ് വിസർജ്യങ്ങളും മറ്റും റോഡരുകിൽ നിക്ഷേപിക്കുന്നത് എന്നത് ഏതൊരു കേരളീയനേയും നാണിപ്പിക്കേണ്ടിയിരിക്കുന്നു. മനുഷ്യത്വപരമായ ആശയങ്ങൾ മറക്കുന്നു എന്നതാണ് കേരളീയ മാധ്യമങ്ങളും അഭിനവ സാംസ്ക്കാരിക നേതാക്കളായി രംഗത്ത് വന്നിരിക്കുന്ന ബിസിനസ്സ് ലോബികളും ചെയ്യുന്നത്. കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളിയെ പോലുള്ള അഭിനവ സാംസ്ക്കാരിക നേതാക്കൾ ഒറ്റ ദിവസത്തെ നിരാഹാരം കൊണ്ട് നേടിയെടുക്കുന്നത് കോടികളുടെ പരസ്യങ്ങൾക്ക് തുല്യമായ വിൽപ്പനയാണ് എന്നും എടുത്ത് പറയേണ്ടിയിരിക്കുന്നു. ഇത്തരം അഭിനവ സാംസ്ക്കാരിക നേതാക്കൾ സമൂഹത്തിന് എന്തെല്ലാം മൂല്യശോഷണങ്ങളാണ് വരുത്തി വയ്ക്കുക.

ഒരു കേന്ദ്രമന്ത്രി തന്നെ ദളിതരുടെ കൊലപാതകത്തെ കണ്ടത് തെരുവ് നായ്കളുടെ കൊലപാതകമായിട്ടാണ് എന്നതും ഇത്തരുണത്തിൽ വായിക്കപ്പെടേണ്ടതാണ്. ദളിതരുടെ മരണത്തെപ്പറ്റി ചോദിച്ചപ്പോൾ തെരുവ് പട്ടികളെ ജനം കല്ലെറിഞ്ഞ് കൊല്ലുന്നതിന് സർക്കാർ എന്തു പിഴച്ചു എന്ന മറുചോദ്യം ആരേയും ചിന്തിപ്പിക്കേണ്ടതാണ്. ■

# 3. ദീപിക ദിനപത്രം

**കേ**രളീയർ അഭിമാനത്തോടെ പറയുന്ന ചില കാര്യങ്ങളുണ്ട്. അതിലൊന്ന് കേരളീയൻ ഗൾഫിൽ പോകുന്നതുപോലെയാണ് ബംഗാളിയും ബീഹാറിയുമൊക്കെ കേരളത്തിലേക്ക് ജോലിക്കായി വരുന്നത് എന്നതാണ്. സാമൂഹ്യ, സാമ്പത്തിക നിലവാരം കേരളീയനു ലഭ്യമാവുന്നതിൽ മുൻതലമുറ ഏറെ പങ്കുവഹിച്ചിട്ടുണ്ട്. ഇത്തരമൊരു സാമൂഹ്യ നിലവാരം ലഭ്യമാകുന്നതിൽ ചിലപ്പോഴൊക്കെ ഭരണകൂടങ്ങളും മാധ്യമ രാജാക്കന്മാരും വിലങ്ങുതടിയാകാറുമുണ്ട്. താരതമ്യേന സാമൂഹ്യ, സാമ്പത്തിക നിലവാരം കുറഞ്ഞ സംസ്ഥാനങ്ങളൊക്കെ തന്നെ ഇത്തരം മാധ്യമ രാജാക്കന്മാരുമായി ഒത്തുകൂടിയ ഭരണകൂടങ്ങളുടെ ഫലമായി രൂപം കൊണ്ടവയാണ്.

കേരളത്തിലും ഇത്തരമൊരവസ്ഥ വളരെ വിദൂരമല്ലാത്തവിധം രൂപപ്പെടുവാൻ പോവുകയാണ്. എസ്.എൻ.ഡി.പി. നേതാവ് ശ്രീമാൻ വെള്ളാപ്പള്ളി നടേശൻ ആലുവയിൽ വച്ചു നടത്തിയ പ്രസംഗത്തിലെ മതാധിഷ്ഠിത പരാമർശങ്ങളും ശ്രീമാൻ കുമ്മനം രാജശേഖരൻ നടത്തിയ ക്ഷേത്രപരിസര വിളംബരങ്ങളും മാധ്യമങ്ങൾ കൈകാര്യം ചെയ്തത്, കേരളീയരെ കോൾമയിർ കൊള്ളിക്കുംവിധമായിരുന്നു. സ്വന്തം സമുദായത്തിൽപ്പെടാത്ത ഒരാൾക്ക് അർഹതപ്പെട്ട ആനുകൂല്യം നൽകിയതിലായിരുന്നു ശ്രീ.വെള്ളാപ്പള്ളിയുടെ വിദ്വേഷമെങ്കിൽ ശ്രീ.രാജശേഖരന്റേത് ക്ഷേത്ര പരിസരങ്ങളിൽ അന്യമതസ്ഥർ കച്ചവടം നടത്തി ഉപജീവനം നടത്തുന്നതിലുള്ള വിദ്വേഷമായിരുന്നു. രണ്ടു വാദങ്ങളും കേട്ടുകേൾവി പോലുമില്ലാത്തതും ഒരു പുരോഗമന ജനവിഭാഗത്തിനും അംഗീകരിക്കാൻ പറ്റാത്തതുമാണ്. ഈ അടുത്ത കാലത്തുണ്ടായ മാധ്യമ ഭീകരതക്കു ഉദാഹരണമാണ് മദ്യലോബിക്കുവേണ്ടി നടത്തിയ മാധ്യമ പ്രചാരണങ്ങൾ. കേരളം മദ്യ വിമുക്തമാവുകയോ, കൂടിയ വീര്യമുള്ള മദ്യലഭ്യത കുറയുകയോ ചെയ്താൽ മരുഭൂമിയായി മാറും എന്ന രീതിയിലുള്ള പ്രചരണങ്ങളാണ് കേരളീയൻ മാധ്യമങ്ങളിലൂടെ നേരിടേണ്ടി വന്നത്.

മൂന്നു കോടിക്കുമേൽ ജനസംഖ്യയുള്ള കേരളത്തിൽ മൂന്നു പത്രങ്ങൾക്കുപോലും നിലനിൽക്കാൻ പറ്റാത്തവിധം മാധ്യമ രാജാക്കന്മാർ വളരുകയാണ്. ശരിയായ ദിശാബോധം പത്രങ്ങൾ നൽകേണ്ടിയിരിക്കുന്നു. ഇത്തരമൊരവസ്ഥയിൽ മാധ്യമ ഭീകരതക്കെതിരെ നിലകൊള്ളാൻ ഞാൻ ആഗ്രഹിക്കുന്നു. ഞാൻ ദീപിക ദിനപത്രത്തോടൊപ്പം നിലകൊള്ളുന്നു. നിങ്ങളോ?

■

# 4. ചെന്നൈ നല്കുന്ന പാഠം

**ചെ**ന്നൈ നല്കുന്ന പാഠം ഉൾക്കൊള്ളാൻ നമ്മൾ തയ്യാറാകണം. പരിസ്ഥിതിയെ അത്യപൂർവ്വമായി ചൂഷണം ചെയ്ത് വളർന്ന ഒരു നഗരത്തിന് സംഭവിക്കാവുന്ന ആത്മാഹൂതി എന്ന് ഇതിനെ വിശേഷിപ്പിക്കാം. പണ്ഡിതനും പണക്കാരനും എന്നുവേണ്ട എല്ലാവിധ ജനവിഭാഗങ്ങളും ജീവന്റെ നിലനില്പ്പിനായി പോരാടുകയായിരുന്നു.

ചെന്നൈ നല്കുന്ന സന്ദേശമിതാണ്. ജാഗരൂകരായിരിക്കുക, പ്രകൃതിയുടെ നിലനിൽപ്പിനെ തകർക്കുംവിധം, പുഴകളും തോടുകളും നികത്തുന്നത് തടയുക. അവയുടെ ഒഴുക്കിനെ തടസ്സപ്പെടുത്താതിരിക്കുക. അങ്ങനെ ക്രൂരമാംവിധം നികത്തപ്പെട്ട ഏതെങ്കിലും തോടുകളും പുഴകളുമുണ്ടെങ്കിൽ അവ പുനഃസ്ഥാപിക്കുക. ക്രൂരമാംവിധം ഒരു കരുണയുമില്ലാതെ മരങ്ങൾ വെട്ടി മാറ്റുന്നവർക്കെതിരെ നടപടിയെടുക്കുക.

നമ്മുടെ നാട്ടിൽ താത്ക്കാലിക ലാഭത്തിനായി ക്രൂരമായി വെട്ടിമാറ്റപ്പെട്ട മരങ്ങൾ ധാരാളമാണ്. അഴകും, തണലുമായിരുന്ന, ജീവജാലങ്ങൾക്ക് വാഹനങ്ങളുടെ പുകപടലങ്ങൾക്കിടയിൽ ആശ്വാസമായിരുന്ന പല മരങ്ങളും പൊതുഭൂമിയിൽ നിന്നുപോലും വെട്ടിമാറ്റിയത് ക്രൂരമായ ലാഭക്കൊതിയുടേയും പരിസ്ഥിതിയെപ്പറ്റിയുള്ള അറിവില്ലായ്മയുടേയും പ്രത്യക്ഷ ഉദാഹരണമാണ്. അത്തരം കൊള്ള നടത്തുന്നവർ സമൂഹത്തിൽ ശിക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകത ചെന്നൈ വെളിവാക്കുന്നു. അവർക്കെതിരെ മാതൃകാപരമായ നിയമനടപടികൾ കൈക്കൊള്ളാൻ അധികാരികൾ തയ്യാറാവുക തന്നെ വേണം.

നമ്മുടെ നാട്ടിൽ താത്ക്കാലിക ലാഭത്തിനായി നികത്തപ്പെട്ട തോടുകൾ ധാരാളമാണ്. തോടിന്റെ ആരംഭ ഭാഗം തന്നെ നികത്തി തോടിന്റെ ഒഴിക്കിനെ തടസ്സപ്പെടുത്തുംവിധം അടച്ചു മൂടിയുള്ള പ്രകൃതി ചൂഷണവും നിലനിൽക്കുന്നു. ചെന്നൈ നല്കുന്ന പാഠം ഉൾക്കൊള്ളാൻ അധികൃതർ ഇനിയെങ്കിലും തയ്യാറാകണം.

ഭാരിച്ച ഉത്തരവാദിത്വങ്ങൾ നിറവേറ്റപ്പെടേണ്ട തദ്ദേശ സ്ഥാപനങ്ങളിൽ പ്രകൃതി വിരോധികളെയും ശാസ്ത്രീയമായ വികസന അടിത്തറ പാകാൻ സജ്ജമായ അടിസ്ഥാന അറിവില്ലാത്തവരെയുമാണ് പലപ്പോഴും നമ്മൾ തിരഞ്ഞെടുക്കുന്നത് എന്നത് ചെന്നൈ പോലുള്ള ദുരന്തങ്ങൾക്ക് നമ്മൾ കൂടി ഉത്തരവാദികളാണ് എന്ന് ഓർമ്മപ്പെടുത്തുന്നു. ഇനിയെങ്കിലും മാതൃകാപരമായ പരിഹാര നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾ തയ്യറാകണം.

■

# 5. ആം ആദ്മി പാർട്ടി

**കേ**രളത്തിൽ നിലവിലുള്ള മൂന്നു രാഷ്ട്രീയ മുന്നണികളും താരതമ്യേന ഗുരുതരമായ പ്രതിസന്ധി നേരിടുന്നുണ്ട്. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ഡൽഹി ഭരണം ഏറ്റെടുക്കാൻ ആം ആദ്മി പാർട്ടിക്ക് കഴിഞ്ഞു എന്നത് ഭാരതത്തിന് ലോകത്തിനു മുമ്പിൽ മികച്ച പ്രതിഛായ ലഭ്യമാക്കി.

ഗൂഗിളിൽ തിരഞ്ഞാൽ ലോക മാധ്യമങ്ങളും ലോക രാഷ്ട്രങ്ങളും പ്രധാനമന്ത്രിയെപ്പോലും എങ്ങനെ നോക്കിക്കണ്ടിരുന്നു എന്നു വ്യക്തമാകുന്നതാണ്. തുടർന്നുള്ള ലോകപര്യടനം വഴി സ്വന്തം പ്രതിഛായ മാറ്റിയെടുക്കുവാൻ കഴിയുമോ എന്നു കാണേണ്ടിയിരിക്കുന്നു. ഒരു പ്രവേശന പരീക്ഷയിൽ പ്രധാനമന്ത്രി സന്ദർശിക്കാത്ത രാജ്യമേതെന്ന ചോദ്യത്തിന് ഭാരതമെന്ന് ചിലരെങ്കിലും ഉത്തരം നൽകിയത് ആനുകാലിക സംഭവമാണ്.

ഡൽഹി ഭരണം കൈയ്യാളുന്നതിനായി ഡൽഹി മാത്രമല്ല അയൽ സംസ്ഥാനങ്ങളുമുൾപ്പടെയുള്ള ആം ആദ്മി പാർട്ടി പ്രവർത്തകരുടെ അർപ്പണ മനോഭാവവും പ്രവർത്തനവും കാരണമായി. ഇതര രാഷ്ട്രീയപ്പാർട്ടികളുടെ നെറികെട്ട പ്രവർത്തനങ്ങളിൽ മനം മടുത്തിട്ടാകണം കയ്യും മെയ്യും മറന്ന് ഇതര സംസ്ഥാനക്കാരും ഡൽഹി പിടിക്കാൻ ഒത്തുകൂടിയത്.

കേരളത്തിലും ഓരോ നിയോജക മണ്ഡലത്തിലും ശ്രദ്ധ കേന്ദ്രീകരിച്ച് അവയെ ഇരുപത്തി ഒന്നാം നൂറ്റാണ്ടിനൊത്തവിധം ഭരണം കൈയ്യാളുന്നതിനായി രൂപപ്പെടുത്തേണ്ടിയിരിക്കുന്നു.

കേരളത്തിലായാലും മറ്റു രാഷ്ട്രീയ പാർട്ടികളോടൊപ്പം ആം ആദ്മി പാർട്ടിയുടെ സാന്നിധ്യവും അറിയുന്നത് പുരോഗമനവും വികസിതവുമായ ഒരു പ്രതീക്ഷ നൽകുന്നതാണ്. ഡൽഹി പോലെ വല്ലപ്പോഴും ഒരു ആശാകിരണം കണ്ടെത്താനായില്ലെങ്കിൽ കേരളത്തിനോടുള്ള ലോകത്തിന്റെ ആദരവും അസ്തമിക്കുമെന്നതിൽ ഒട്ടും സംശയമില്ല.

സ്വതന്ത്ര ഭാരതത്തിന് ശരിയായ ദിശാബോധം നൽകുവാൻ രാഷ്ട്രീയപ്പാർട്ടികൾക്ക് കഴിയണമെങ്കിൽ ഓരോ വോട്ടറും കൂടുതൽ ജാഗരൂകനായിരിക്കുക തന്നെ വേണം.

■

# 6. വാർത്താബോർഡുകൾ

രണ്ടു ദശകങ്ങളാകുന്നു പഞ്ചായത്തുകളിൽ പഞ്ചായത്തു വക വാർത്താ ബോർഡുകൾ സ്ഥാപിച്ചിട്ട്. ഇന്നത്തെ നിലയിൽ ഇത്തരം ബോർഡുകൾ സ്ഥാപിക്കണമെങ്കിൽ എത്ര കോടി ചെലവഴിക്കേണ്ടി വരുമെന്നത് ആലോചനാ വിഷയമാക്കേണ്ടതാണ്. അവ സ്ഥാപിക്കാൻ നിർദ്ദേശിച്ചവർ വളരെ അർത്ഥതലങ്ങൾ അവയ്ക്ക് നൽകിയിരുന്നു.

നമ്മുടെ പഞ്ചായത്തുകൾ ജനകീയമായത് യഥാർത്ഥത്തിൽ പഞ്ചായത്തീരാജ് നിയമ സംവിധാനത്തിലൂടെയാണ്. പദ്ധതി വിഹിതമായി കോടികളാണ് വർഷാവർഷവും പഞ്ചായത്തുകളിലേക്ക് ഒഴുകുന്നത്. അവയുടെ ശരിയായ വിനിയോഗം നടക്കണമെങ്കിൽ ആത്മാർത്ഥതയും അർപ്പണമനോഭാവവും സത്യസന്ധതയും ഒഴിച്ചു കൂടാനാകാത്തതാണ്. ഇവയെല്ലാം ജനകീയവും സുതാര്യവുമാകണമെങ്കിൽ ജനങ്ങളുടെ ഇടപെടലുകൾ അനിവാര്യവുമാണ്.

ഇത്ര സുതാര്യമായ പഞ്ചായത്തു വക ഇടപാടുകൾ എങ്ങനെയാണ് ജനങ്ങളിലേക്കെത്തിക്കുക എന്നത് ചിന്തനീയമാണ്. അവിടെയാണ് പഞ്ചായത്തു വക വാർത്താ ബോർഡുകളുടെ പ്രസക്തി തിരിച്ചറിയേണ്ടത്. അവിടെയാണ് പഞ്ചായത്ത് നടത്തിവരുന്ന ഗ്രാമസഭകളും കർമ്മസമിതികളും ജനറൽ ബോഡിയുമെല്ലാം പ്രസക്തമാകുന്നതും.

പഞ്ചായത്ത് വാർത്താ ബോർഡുകൾ നാട്ടിലെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിരിക്കുന്നത്, പഞ്ചായത്ത് വാർത്തകൾ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടിയാണ്. പഞ്ചായത്ത് വാർത്തകൾ, വികലമാക്കപ്പെട്ട പത്രവാർത്തകൾ വഴിയല്ല ജനങ്ങളറിയേണ്ടത്. അവ പഞ്ചായത്ത് വാർത്താ ബോർഡുകളിൽ പ്രത്യക്ഷപ്പെടുക തന്നെ വേണം. വാർത്തയുടെ സത്യസന്ധതയ്ക്കും നിഷ്പക്ഷതയ്ക്കും പഞ്ചായത്ത് തന്നെ ഉത്തരവാദികളായിരിക്കുകയും വേണം. സത്യത്തിൽ എത്ര മഹനീയമായ ആശയത്തിന്റെ ഉറവിടത്തിൽ തന്നെയാണ് പഞ്ചായത്തുകൾ കത്തി വച്ചിരിക്കുന്നത്.

പശ്ചാത്തല മേഖലയിലായാലും സേവന മേഖലയിലായാലും മറ്റിതര മേഖലയിലായാലും ചെലവഴിക്കപ്പെടുന്ന ഇടപാടുകളുടെ ശരിയായ രൂപം ജനങ്ങളിലേക്കെത്തിക്കപ്പെടുക തന്നെ വേണം. അവിടെയാണ് വാർത്താ ബോർഡുകളുടെ പ്രസക്തി വ്യക്തമാക്കപ്പെടുന്നത്. ശരിയായ സ്ഥലങ്ങളിൽ സ്ഥാപിക്കപ്പെട്ട ഇത്തരം ബോർഡുകളിൽ ശരിയായ വലിപ്പത്തിൽ പരസ്യപ്പെടുത്തുമ്പോൾ മാത്രമെ പഞ്ചായത്തു വക പ്രവർത്തനങ്ങളും സുതാര്യമാകുന്നുള്ളൂ. പുതിയ ഭരണസമിതികൾ അവ പ്രാവർത്തികമാക്കുമെന്ന് പ്രതീക്ഷിക്കാം.

■

# 7. അഴിമതി

**മു**കൾ തട്ടിലുള്ളവർ ലക്ഷങ്ങൾ ശമ്പളം വാങ്ങുമ്പോൾ നമുക്കെല്ലാം എത്ര നിസാര ശമ്പളമാണ് കിട്ടുന്നത് എന്ന പല്ലവിയാണ് താഴെക്കിടയിലുള്ള സർക്കാർ ജീവനക്കാരന് ആത്മഗതമായിട്ടുള്ളത്. മുകൾ തട്ടിലുള്ളവർ കോടികളുടെ അഴിമതി നടത്തുമ്പോൾ എത്ര തുച്ഛമായ കൈമടക്കാണ് നമുക്ക് കിട്ടുന്നത് എന്ന പല്ലവിയാണ് ഒട്ടുമിക്ക സർക്കാർ ജീവനക്കാരനും ആത്മഗതമായിട്ടുള്ളത്. ഈ ആത്മഗതങ്ങളെ ജനങ്ങൾ ചോദ്യം ചെയ്യേണ്ടിയിരിക്കുന്നു. തങ്ങൾക്കു കൂടി ലഭ്യമാവേണ്ട നികുതിപ്പണമാണ് ഇങ്ങനെ ചോരണം ചെയ്യപ്പെടുന്നത് എന്ന് തിരിച്ചറിയേണ്ടിയിരിക്കുന്നു. തീർച്ചയായും അഴിമതി തുടച്ചു നീക്കേണ്ടതിന് അടിത്തട്ടിൽ നിന്നുതന്നെയാണ് ആരംഭം കുറിക്കേണ്ടത്.

നമുക്കു ചുറ്റുവട്ടത്ത് കാണുന്ന ഓഫീസുകളിൽ അഴിമതി തടയുക എന്നത് ഓരോ പൗരന്റേയും കടമയായി കാണേണ്ടിയിരിക്കുന്നു. അടുത്തിടപെടുന്ന ഓഫീസുകളിൽ കൈക്കൂലിയും കൊള്ളയും നടക്കുമ്പോൾ എങ്ങനെയാണ് നമുക്കിടപെടാൻ കഴിയാത്തത്ര അകലെയുള്ള ഓഫീസുകളിലെ അഴിമതിയെയും അക്രമത്തെയും നമുക്കു തടയുവാൻ കഴിയുക. അടുത്ത് കിടക്കുന്ന പോലീസ് സ്റ്റേഷനായാലും പഞ്ചായത്തോഫീസായാലും വില്ലേജ് ഓഫീസ് ആയാലും അഴിമതി വിമുക്തമാക്കാതെ അഴിമതിനിർമ്മാർജ്ജനം എന്ന ലക്ഷ്യം നേടിയെടുക്കുവാൻ കഴിയുകയില്ല.

താഴെക്കിടയിലുള്ള ഓഫീസുകളിൽ കൈക്കൂലി ഉൾപ്പടെയുള്ള അഴിമതിയിൽ ഇടപെട്ട് തടയാൻ കഴിഞ്ഞാൽ തങ്ങൾക്ക് ലഭിക്കാത്ത കൈക്കൂലി ഉൾപ്പടെയുള്ള അഴിമതി മേലുള്ളവർക്കും വേണ്ടായെന്നു കരുതാൻ ഇത്തരം ഓഫീസിലുള്ളവർ നിർബന്ധിതരാകും. അവർക്കാണല്ലൊ യാഥാർത്ഥ്യത്തിന്റെ കിടപ്പ് അറിയാവുന്നത്.

വിവരങ്ങൾ കുറച്ചെങ്കിലും പങ്കുവക്കാനും ക്രമക്കേടുകൾ തിരിച്ചറിയാനുമുള്ള അവസരങ്ങൾ ലഭ്യമായത് വിവരാവകാശനിയമത്തിന്റെ വരവോടെയാണ്. നാണമില്ലാത്തവനെ നാറ്റിക്കുവാൻ സാധിക്കില്ലെന്നു സമ്മതിക്കാമെങ്കിലും കൂടുതൽ ജാഗ്രതയും ആർജ്ജവവും പ്രകടമാക്കി തുടക്കമെന്ന നിലയിൽ തൊട്ടടുത്തുള്ള സർക്കാർ സ്ഥാപനങ്ങളെ അഴിമതി വിമുക്തമാക്കേണ്ടതുണ്ട്.

ഭാരതം അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധികളിലൊന്നാണ് അഴിമതി. പ്രാദേശികമായ മേഖലയിൽ പ്രാദേശികമായ ഓഫീസുകളിൽ കൈക്കൂലിയുൾപ്പടെയുള്ള അഴിമതിക്ക് അവസരം കൊടുക്കാതിരിക്കുക എന്നത് തന്നെയാണ് ശരിയായ ആരംഭം. അഴിമതി എന്നു പറഞ്ഞാൽ 'അഴി' തന്നെ മതി എന്നതായിരിക്കണം നാം അർത്ഥമാക്കേണ്ടത്. ■

# 8. ഇംഗ്ലീഷ് മീഡിയം

മലയാളം നമ്മുടെ മാതൃഭാഷയാണ്. വിശിഷ്യ നമ്മുടെ ഭാഷയ്ക്ക് ശ്രേഷ്ഠഭാഷാ പദവിയും ലഭിച്ചിട്ടുണ്ട്. ഏതൊരു പൗരന്റേയും വ്യക്തിത്വ വികസനത്തിനും, അവഗാഹത്തിനും എളുപ്പത്തിലുള്ള പഠനത്തിനും മാതൃഭാഷ ഏറെ സഹായകമാണ്. എന്നിരുന്നാലും നാം കേരളീയർ മാതൃ ഭാഷയെ മറക്കുന്നു. വിദേശ ഭാഷയായ ഇംഗ്ലീഷ് പഠന മാധ്യമമായി സ്വീക രിക്കുന്നു. ഇംഗ്ലീഷ് ഭാഷയിലുള്ള ജ്ഞാനവും ഇംഗ്ലീഷ് ഭാഷ സംസാരി ക്കുന്നതിലുള്ള പ്രാവീണ്യവും ആ വ്യക്തിക്ക് സമൂഹത്തിൽ അപ്രമാ ദിത്വം നല്കുന്നു.

നമ്മുടെ ഭാഷാസ്നേഹം ഒരു കാഘട്ടത്തിൽ അതിരൂക്ഷമാവുക യും മലയാളത്തിൽ ഉപയോഗിക്കുന്ന നിലവിലുള്ള എല്ലാ ആംഗലേയ പദങ്ങളും മലയാളീകരിക്കുവാനുള്ള ശ്രമം നടക്കുകയും ചെയ്തു. ഹൈസ്ക്കൂൾ തലത്തിലുള്ള സാങ്കേതികവും അല്ലാത്തതുമായ എല്ലാ ശാസ്ത്ര പദങ്ങളും മലയാളീകരിച്ചിട്ട് പല പതിറ്റാണ്ടുകൾ കഴിഞ്ഞിരി ക്കുന്നു. ഇത്തരം മലയാളീകരിച്ച ശാസ്ത്ര പദങ്ങൾ പഠിച്ച് പുറത്തിറ ങ്ങുന്ന മലയാളിക്ക് ഉന്നത പഠനങ്ങളിൽ ആംഗലേയ ശാസ്ത്ര പദങ്ങളെ തന്നെ ആശ്രയിക്കേണ്ടി വരികയും ചെയ്യുന്നു. ശാസ്ത്ര പദങ്ങൾ മലയാ ളീകരിച്ചതു കൊണ്ടുള്ള പ്രയാസങ്ങൾ ചില്ലറയല്ല. ഉദാഹരണമായി കാർ എന്ന ലളിതമായ പദം ആംഗലേയമാണെന്നു വാദിക്കുകയും അതു മല യാളീകരിക്കുകയും ചെയ്താലുള്ള പ്രശ്നത്തെപ്പറ്റി ഊഹിക്കാവുന്നതേ യുള്ളൂ.

എല്ലാ ശാസ്ത്ര വിഷയങ്ങളിലും ഇത്തരം ആംഗലേയവും ഇതര ഭാഷ യിലുള്ളതുമായ പദങ്ങൾ ധാരാളമായി കാണുന്നു. ഇത് മലയാളിക്കു മാത്ര മായി അനുഭവപ്പെടുന്ന കാര്യമല്ല തന്നെ. ലോകത്ത് എല്ലാ ഭാഷകളും മറ്റു ഭാഷാ പദങ്ങൾ കടമെടുത്തിട്ടുണ്ട്. അത് പകരം വയ്ക്കാനാകാത്ത വിധം സ്വന്തം ഭാഷയുമായി ചേർന്നുപോകുന്നതും സാധാരണം തന്നെ. (ശാസ്ത്ര സാങ്കേതിക പദങ്ങൾ മലയാളീകരിക്കുക വഴി ഉന്നത പഠനത്തിനുണ്ടാ കുന്ന ബുദ്ധിമുട്ടുകൾ ചില്ലറയല്ല.)

കാർഷികവും വ്യവസായികവുമായ ഉൽപ്പാദന മേഖലകളിൽ വളരെ പിന്നോക്കം നിൽക്കുന്ന കേരളീയന് മറ്റു സംസ്ഥാനങ്ങളിലോ മറ്റു രാജ്യ ങ്ങളിൽ തന്നെയോ ജോലി തേടി പോകേണ്ട അവസ്ഥ നിലനിൽ ക്കുന്നു. ഇത്തരമൊരവസ്ഥയിൽ ഇംഗ്ലീഷ് പോലെ ലോക ഭാഷയായി അംഗീ കരിക്കപ്പെട്ട ഭാഷയെ സ്വന്തം രക്തത്തിൽ അലിയിച്ചു ചേർക്കാതെ വയ്യ. ജീവിതത്തിലെ സ്വന്തം കാലിലുള്ള നിലനിൽപ്പിന് - കുടുംബ പ്രാരാബ്ധ ങ്ങളെ അനായാസം തരണം ചെയ്യുന്നതിന് ഇംഗ്ലീഷ് ഭാഷ ആവശ്യമായി വരുന്നു. ■

# 9. പഞ്ചിംങ്ങ്

**ഏ**റെ ചർച്ച ചെയ്യപ്പെട്ടിട്ടുള്ള വിഷയമാണ് കേരള മോഡൽ വികസനം. സ്വതന്ത്രാനന്തര കേരളത്തിൽ ജനിച്ചതു കൊണ്ടായിരിക്കാം ഒരു സംശയം ബാക്കി നിൽക്കുന്നത്. കേരള മോഡൽ വികസനത്തിന് വിത്ത് പാകിയത് സ്വതന്ത്രാനന്തര കേരളത്തിലായിരുന്നുവോ അതോ സ്വാതന്ത്ര്യത്തിനു മുമ്പുള്ള കേരളത്തിലായിരുന്നുവോ?

കേരളം തൊഴിലാളി – തൊഴിലുടമ സൗഹൃദ സംസ്ഥാനമല്ല എന്നാണ് അറിയപ്പെടുന്നത്. നമ്മുടെ സർക്കാർ സ്ഥാപനങ്ങളും അതിൽ നിന്നു വ്യത്യസ്ഥമല്ല. നമ്മുടെ ഒട്ടുമിക്ക സർക്കാർ സ്ഥാപനങ്ങളും കൈക്കൂലിയുടേയും അഴിമതിയുടേയും വേദികളാണ്. സർക്കാർ സ്ഥാപനങ്ങളിലെ സർക്കാർ ജീവനക്കാരുടെ കൃത്യനിഷ്ഠയെപ്പറ്റി ഏറെ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതാണ്. സംസ്ഥാന സർക്കാരിന്റെ നികുതിപ്പണം ഏറെക്കുറെ മുഴുവനായും ചെലവഴിക്കപ്പെടുന്നതും സർക്കാർ ഓഫീസിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടു പോകുന്നതിനാണ്.

സർക്കാർ നികുതി പിരിക്കുന്നത് എല്ലാവർക്കും തുല്യമായതും പൊതുവായതുമായ ആവശ്യങ്ങൾ പരിഹരിക്കുന്നതിനാണ്. അങ്ങനെയിരിക്കെ നികുതിപ്പണത്തിന്റെ ശരിയായ വിനിയോഗവും നികുതി പിരിക്കുന്നതിൽ വീഴ്ചകളില്ലാത്ത നിർബന്ധബുദ്ധിയും അനിവാര്യമാകുന്നു.

സ്വതന്ത്രാനന്തര കേരളത്തെ യന്ത്രവൽക്കരിക്കുന്നതിലും കമ്പ്യൂട്ടർവൽക്കരിക്കുന്നതിലും കേരളം വളരെ പിന്നോട്ടു പോയിട്ടുണ്ടെന്ന് നമ്മുടെ തൊഴിലിടങ്ങളും സർക്കാർ ഓഫീസുകളും സാക്ഷ്യപ്പെടുത്തുന്നു. അത്തരം പ്രവൃത്തികൾ നൂതനവും പുരോഗമനവുമായ മുന്നേറ്റത്തിന് കാലതാമസം വരുത്തുകയും ചെയ്തിട്ടുണ്ട്. ഇത്തരം കാലതാമസങ്ങൾ ശരിയായ നികുതിപ്പണത്തിന്റെ വിനിയോഗമല്ലാത്തതിനാൽ സമൂഹത്തിൽ സമ്പന്ന – ദരിദ്ര സമൂഹങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. അത്തരം ദരിദ്ര സമൂഹങ്ങളുടെ പുന:സൃഷ്ടി ഭക്ഷ്യസുരക്ഷയിലൂടെയും പഞ്ചായത്ത് രാജ്, തൊഴിലുറപ്പ് പദ്ധതികൾ എന്നിവ തുടങ്ങി വച്ചതിലൂടെയും പരിഹൃതമാകുമെന്ന് പ്രതീക്ഷിക്കാവുന്നതാണ്.

പുതിയ പുതിയ ആവിഷ്കൃത പദ്ധതികൾ പുരോഗമിക്കുമ്പോഴും സർക്കാർ ഓഫീസുകളുടെ പരിഷ്ക്കാരങ്ങളിൽ നിന്നും ഒട്ടും പിന്നോട്ടു പോവുക സാധ്യമല്ല. സർക്കാർ ഓഫീസുകളിൽ പഞ്ചിംഗ് ഏർപ്പെടുത്തുന്നതും അത്തരമൊരു ആധുനികതയുടെ മുഖമുദ്ര തന്നെയാണ്. പഞ്ചിംഗ് മുഖേന സർക്കാർ ജീവനക്കാരന്റെ കൃത്യനിഷ്ഠ ഉറപ്പു വരുത്തുന്നതിൽ കാലതാമസം വരുത്തുന്നത് സാധാരണ ജനവിഭാഗത്തോടുള്ള വെല്ലുവിളിയും ശരിയായ നികുതി വിനിയോഗത്തിന്റെ ലംഘനവുമാണ്.

■

# 10. മാളുകൾ നൽകുന്ന പാഠം

**അ**ശ്രദ്ധയോ ആരാധനയോ ഒക്കെയാണ് പലപ്പോഴും തെറ്റുകൾ സംഭവിക്കുന്നതിനും മനപൂർവ്വം തെറ്റുകൾ വരുത്തുന്നതിനും കാരണമായിട്ടുള്ളത്. കേട്ടു പഴകിയ മുദ്രാവാക്യങ്ങളാകാം ചിലപ്പോഴൊക്കെ നമ്മെ നയിക്കുന്നതും നാം പറഞ്ഞു നടക്കുന്നതും. മാറ്റങ്ങൾ വേണമെന്നാഗ്രഹമുണ്ടെങ്കിലും അവയെങ്ങനെയെന്നൊ എപ്പോഴെന്നൊ തിരിച്ചറിയാൻ പറ്റാത്ത അവസ്ഥ ഉണ്ടായിട്ടുണ്ട്. നേതാക്കളായാലും അനുയായികളായാലും ഇത്തരമൊരവസ്ഥയിലൂടെ കടന്നു പോകാത്തവരില്ല.

എറണാകുളത്തിന്റെ ഹൃദയഭാഗമേതെന്നു ചോദിച്ചാൽ പറയാൻ അത്ര എളുപ്പമല്ല. ഇടപ്പള്ളിയിലൂടെ കടന്നു പോകാതെ വടക്കുള്ളവർക്ക് നഗര പ്രവേശനം സാധ്യവുമല്ല. ഇന്നിപ്പോൾ ഇടപ്പള്ളിയേയും എറണാകുളത്തു നിന്ന് വേറിട്ടു കാണുക എളുപ്പമല്ല.

കെട്ടിട നിർമ്മാണ നിയമത്തിലെ പോരായ്മകൾ വിരൽ ചൂണ്ടുന്നതാണ് ഈ അടുത്ത കാലത്ത് പടുത്തുയർത്തിയ ലുലുമാൾ. നഗരത്തെ ചുറ്റുന്ന മെട്രോയൊ ഇടപ്പിള്ളിയിൽ ലുലുമാളിനോട് ചേർന്ന് ഓവർ ബ്രിഡ്ജോ ഉള്ളതുകൊണ്ടു മാത്രം പരിഹരിക്കാവുന്നതല്ല ലുലുമാൾ വരുത്തിവയ്ക്കുന്ന യാത്രാ പ്രതിസന്ധി. ഇത്രയും വിശാലമായ കച്ചവട പ്രധാനവും വിനോദ പ്രധാനവുമായ ഒരു കെട്ടിടം പണിതുയർത്തുമ്പോൾ പ്രധാനപ്പെട്ടതും വ്യക്തവുമായ കെട്ടിട നിയമങ്ങളായിരിക്കണം നമ്മെ നയിക്കേണ്ടത്.

ലുലുമാളിനോട് അത്രതന്നെ വലിപ്പമുള്ളതോ ലുലുമാളിനോട് താരതമ്യപ്പെടുത്താവുന്നതോ ആയ മാളുകൾ കേരളത്തിൽ വരുവാൻ പോകുന്നതെയുള്ളൂ. ചിലതൊക്ക അധികാരികളുടെ അനുമതി കാത്തുകിടക്കുകയുമാണ്.

ലുലുമാൾ സ്ഥിതി ചെയ്യുന്നത് നാഷണൽ ഹൈവേയുടെ അരികിലാണ്. ഇത്രയും വിസ്തീർണ്ണമുള്ള കച്ചവടപ്രധാനവും വിനോദ പ്രദാനവുമായ ഒരു സ്ഥാപനം ഹൈവേയോടു ചേർന്നു സ്ഥാപിച്ചിരിക്കുന്നത് ഗതാഗത തടസമില്ലാത്തവിധം ആയിരിക്കണം എന്നതിൽ തർക്കമില്ല.

ഒരു നിശ്ചിത വലിപ്പത്തിൽ കൂടുതലുള്ള ഇത്തരം കെട്ടിടങ്ങൾ നാഷണൽ ഹൈവേയിൽ നിന്നും നിശ്ചിത അകലം പാലിക്കേണ്ടിയിരിക്കുന്നു. തന്ത്രപ്രധാനമായ കവലകളിൽ നിന്നും നിശ്ചിത അകലെ നിന്നു മാത്രമേ പ്രവേശന കവാടം അനുവദിക്കാനും പാടുള്ളൂ. അടിസ്ഥാന ജനവിഭാഗത്തിന്റെ യാത്രാ സ്വാതന്ത്ര്യത്തെപ്പറ്റി എന്നാണാവോ അധികാരികൾ ശ്രദ്ധിക്കുന്നത്? ■

# 11. സ്ക്കൂൾ പഠന നിലവാരം

**വി**ദ്യാഭ്യാസ നിലവാരത്തിൽ നമ്മുടെ നാട് വളരെ മുൻപന്തിയിലാണ് എന്ന ചിന്താഗതി നിലനിൽക്കുന്നു. അതു കൊണ്ടു തന്നെ കേരളത്തെ വികസിത മോഡലായി അവതരിപ്പിക്കാനും അതിന്റെ ക്രെഡിറ്റിനെ തങ്ങൾ ക്കോരോരുത്തർക്കും അനുകൂലമാകുംവിധം വ്യാഖ്യാനിക്കാനുമുള്ള ശ്രമം നടക്കുന്നു.

കേരളത്തിലെ പ്രാഥമിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ദേശവൽ ക്കരിക്കുവാനുള്ള ശ്രമങ്ങൾ ഒരു കാലത്ത് നടക്കുകയുണ്ടായി. അത്തരം ശ്രമങ്ങളെ ചെറുത്ത് തോൽപ്പിക്കുവാൻ കഴിഞ്ഞത് കൊണ്ട് മറ്റു സർക്കാർ സ്ഥാപനങ്ങൾക്കുണ്ടായ അപചയങ്ങളായ കൈക്കൂലി, അഴിമതി, വൃത്തി യില്ലായ്മ, കമ്പ്യൂട്ടർവൽക്കരണത്തോടുള്ള എതിർപ്പ് എന്നിവയിൽ നിന്ന് രക്ഷപെടുവാൻ കഴിഞ്ഞു. ഒരു പരിധിവരെ എല്ലാവർക്കും പ്രാഥമിക വിദ്യാ ഭ്യാസം എന്ന നേട്ടത്തിലെത്തിപ്പെടാനും സാധ്യമായി.

പ്രാഥമിക വിദ്യാഭ്യാസത്തിൽ കൈവരിച്ച എല്ലാവർക്കും വിദ്യാഭ്യാസം എന്ന നേട്ടം പക്ഷെ സിവിൽ സർവ്വീസ്-മാനേജ്മെന്റ് മേഖലയിൽ തുടരു വാൻ കഴിഞ്ഞില്ല. ഇത് ആനുപാതികമായ കുറവാണോ? എന്ന് പരിശോ ധിക്കേണ്ടതും സിവിൽ സർവ്വീസ്-മാനേജ്മെന്റ് മേഖലയിൽ ഇത്തരം കുറ വിനു കാരണമായി വന്നുപോയ പാളിച്ചകൾക്ക് പരിഹാരം കാണേണ്ടതു മുണ്ട്.

സ്റ്റേറ്റ് സിലബസ് പ്രകാരമുള്ള പത്താംതരം റിസൽട്ട് പ്രഖ്യാപിക്കു മ്പോൾ ഉണ്ടാവുന്ന കോലാഹലങ്ങൾ നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായ ത്തിലെ അപാകതകൾ വ്യക്തമാക്കുന്നതാണ്. പത്താം തരം പാസായ വിദ്യാർത്ഥിക്കുപോലും മലയാളത്തിലോ മറ്റിതര വിഷയങ്ങളിലോ മതിയായ അറിവോ മികവോ ഇല്ലായെന്നത് നമ്മുടെ വിദ്യാഭ്യാസത്തിന് നഷ്ടപ്പെട്ട മൂല്യങ്ങളെയാണ് വ്യക്തമാക്കുന്നത്. എല്ലാവർക്കും വിദ്യാ ഭ്യാസം എന്ന മഹത്തായ ലക്ഷ്യത്തിനായി, എല്ലാവർക്കും അടുത്ത ക്ലാസ്സു കളിലേക്ക് പ്രൊമോഷൻ നൽകി പ്രോത്സാഹിപ്പിക്കേണ്ട കാലഘട്ടം കഴിഞ്ഞിരിക്കുന്നു.

ഒന്നാം ക്ലാസ്സ് മുതൽ നിശ്ചിത ശതമാനം ജയിപ്പിക്കുകയല്ല, പാസ്സാ കുന്നതിന് വേണ്ട നിശ്ചിത യോഗ്യതയായ അറിവ് നേടിയിട്ടുണ്ടെന്ന് ഉറപ്പാ ക്കുകയാണ് വേണ്ടത്. എല്ലാവർക്കും പത്താംതരം പാസ്സാകാനുള്ള അവ സരം ഉണ്ടായിട്ട് മതി കണിശമായ യോഗ്യതാനിർണ്ണയം എന്ന പല്ലവി ഇനിയും തുടർന്നാൽ നമുക്ക് കാലഘട്ടത്തിനനുസരിച്ച് മുന്നേറാൻ കഴി യില്ല എന്ന് തിരിച്ചറിയേണ്ടതുണ്ട്.

■

# 12. എഞ്ചിനീയറിംഗ് വിദ്യാഭ്യാസം

**കേ**രളത്തിൽ സെൽഫ് ഫിനാൻസിംഗ് മേഖലയിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനെതിരെ ശക്തമായ പ്രക്ഷോഭമായിരുന്നു. സ്വന്തമായി സ്വരുക്കൂട്ടിയ പണം കൊണ്ടോ മാതാപിതാക്കളുടെ ചെലവിലോ ഉന്നത വിദ്യാഭ്യാസം നേടിയെടുക്കുന്നതിനെ തടയുവാൻ ശ്രമിക്കുന്നത് ശരിയായ നടപടിയായിരുന്നില്ല.

എഞ്ചിനീയറിംഗ് മേഖലയിലായിരുന്നു കൂടുതലായി ആരംഭിച്ച ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ. സെൽഫ് ഫിനാൻസിംഗ് മേഖലയിലെ പ്രവേശനത്തിന് വിവിധ തരം ഫീസ് ഘടന നിശ്ചയിക്കുകയും ചെയ്തു. സെൽഫ് ഫിനാൻസിംഗ് മേഖലയിലെ മെറിറ്റ് സീറ്റെന്ന ഓമന പേരിലുള്ള സീറ്റിലെ കുറവ് വരുന്ന ഫീസ് കൂടി മറ്റിതര മേഖലയിലുള്ളവർ വഹിക്കണമെന്നതായി അവസ്ഥ. ജാതി പരിഗണന വച്ചുള്ള മെറിറ്റ് പ്രവേശനം തുടരുകയും ചെയ്തു.

ടെക്നോളജി മേഖലയിലെ തൊഴിൽ സാധ്യതയ്ക്കാവശ്യമായി വരുന്നതിനേക്കാൾ കൂടിയ ടെക്നോളജി ബിരുദധാരികൾ ഓരോ വർഷവും പുറത്തേക്ക് വരും എന്നതായിരുന്നു സെൽഫ് ഫിനാൻസിംഗ് മേഖലയോടുള്ള എതിർപ്പിന് കാരണമായി പറഞ്ഞു വന്നിരുന്നത്. ആദ്യനാളുകളിൽ ഇത്തരം വാദഗതികളെ പുറംതള്ളുന്നതായിരുന്നു പ്രവേശന തിരക്ക്. എഞ്ചിനീയറിംഗ് ബിരുദം എന്തുകൊണ്ടും, കേരളം തുടർന്നു പോന്ന, ഗുമസ്തപണിക്കു പര്യാപ്തമാകുന്ന വിദ്യാഭ്യാസത്തേക്കാൾ മികച്ചതാണ് എന്ന തിരിച്ചറിവായിരുന്നു ഇതിനു കാരണം. തൊഴിൽ സംരഭകരെല്ലാം കേരളത്തിന് പുറത്ത് തൊഴിൽ ശാലകൾ ആരംഭിക്കുന്ന രീതി അപ്പോഴും തുടർന്നു പോന്നു.

സെൽഫ് ഫിനാൻസിംഗ് മേഖലയിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചവർ പ്രധാനമായും എളുപ്പത്തിൽ ആരംഭിക്കാവുന്ന കോഴ്സുകളും ചെലവ് കുറഞ്ഞ കോഴ്സുകളുമായിരുന്നു തുടങ്ങി വച്ചത്. ഐ.ടി. മേഖലയെ ഉന്നം വച്ചുള്ള അത്തരം കോഴ്സുകൾ തുടക്കമെന്ന നിലയിൽ വിജയവുമായിരുന്നു. അത്തരം കോഴ്സുകളിലുള്ള ബിരുദധാരികളുടെ ധാരാളിത്തം ആ കോഴ്സുകളിലേക്കുള്ള വിദ്യാർത്ഥികളുടെ ആവശ്യകത കുറച്ചു. വരാൻപോകുന്ന നാളുകളിൽ ടെക്നോളജി മേഖലയിലെ സ്ഥാപന മുടമകളെ ഇത് പ്രതിസന്ധിയിലാക്കിയേക്കാം. ടെക്നോളജി മേഖലയിൽ പഠിക്കുന്ന വിദ്യാർത്ഥികളും രക്ഷിതാക്കളുമായിരിക്കണം സാധ്യതകളറിഞ്ഞ് കോഴ്സുകൾ തെരഞ്ഞെടുക്കേണ്ടത്.

■

# 13. മലയാളിയുടെ വൃത്തിയില്ലായ്മ

മലയാളി എന്നും അഭിമാനിക്കുന്ന ചില കാര്യങ്ങളുണ്ട്. അതിൽ ഒന്നാണ് മലയാളിയുടെ വൃത്തിബോധം. ദിവസവും കുളിക്കുകയും വീട്ടിനകവും പുറവും വൃത്തിയായി സൂക്ഷിക്കുകയും ചെയ്യുന്നു. കേരളത്തിൽ പണിയെടുക്കുന്ന അന്യസംസ്ഥാന തൊഴിലാളികളെ പലപ്പോഴും വൃത്തിയില്ലാത്തവർ എന്നാക്ഷേപിക്കുന്നവരും കുറവല്ല.

ഇന്ത്യയെ മൊത്തത്തിൽ എടുക്കുകയാണെങ്കിൽ അടിസ്ഥാന സൗകര്യമായ കൂക്കൂസ് പോലും സ്വന്തമായി ഇല്ലാത്തവരുടെ സംഖ്യ ഭീമമാണ്. ഇന്ത്യയിലെ മറ്റിതര സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിന്റെ അവസ്ഥ മെച്ചപ്പെട്ടതാണെന്നു സമ്മതിക്കാതെ വയ്യ. ധാരാളം കേരളീയർ തോട്ടിലും പറമ്പിലുമൊക്കെ കക്കൂസ് സൗകര്യമാക്കിയിരുന്ന നാളുകൾ കേരളീയനെ ഓർമ്മപ്പെടുത്തേണ്ടതില്ല.

പഞ്ചായത്തീരാജ് സംവിധാനത്തിൽ ഒട്ടേറെ കക്കൂസുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്. സ്വന്തമായി കക്കൂസ് ഇല്ലാത്തവരെ അതു സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തിയാലും സർക്കാർ സംവിധാനത്തിലൂടെ കക്കൂസ് നിർമ്മിക്കാൻ ആവശ്യമായ ധനസഹായം ചെയ്തുകൊടുത്താലും അത്തരം സംവിധാനത്തോട് നിർമമത കാണിക്കുന്നവർ കേരളത്തിലും ഒട്ടേറെയാണ്.

കേരളക്കരയാകെ വേസ്റ്റുകൾ കൊണ്ട് നിറഞ്ഞ് ദുർഗന്ധം വമിക്കുന്നതും മഴക്കാലങ്ങളിൽ മാറാരോഗങ്ങൾ സമ്മാനിക്കുന്നതും ഒഴിവാക്കേണ്ടിയിരിക്കുന്നു. വഴിയരികിൽ വേസ്റ്റുകളുടെ നിര നീളുന്നത് കേരളീയന്റെ വൃത്തിബോധത്തിന്റെ യഥാർത്ഥ മുഖം തുറന്നു കാട്ടുന്നു. സ്വന്തം വീട്ടിലെ അടുക്കള മാലിന്യങ്ങളും മറ്റും റോഡരികിലും ഒഴിഞ്ഞ പ്രദേശങ്ങളിലും നിക്ഷേപിക്കുന്ന കേരളീയൻ അവന്റെ നിലവാരമില്ലായ്മ വെളിപ്പെടുത്തുന്നു.

ഇ-വേസ്റ്റുകൾ ലോകം നേരിടുന്ന പ്രതിസന്ധിയാണെങ്കിൽ പ്ലാസ്റ്റിക് വേസ്റ്റുകളും ശരിയായ റി-സൈക്ലിങ്ങിന്റെ അഭാവത്തിൽ കേരളക്കരയാകെ നിറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇന്ന് കേരളം അഭിമുഖീകരിക്കുന്ന വേസ്റ്റ് മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ കേരളീയന്റെ വൃത്തിയില്ലായ്മയെയാണ് വ്യക്തമാക്കുന്നത്.

ഫ്ളാറ്റുകളിലും വില്ലകളിലുമൊക്ക താമസമാക്കിയവർപോലും വേസ്റ്റ് സംസ്ക്കരണത്തിന് വേണ്ടത്ര പരിഗണന നൽകിയിട്ടില്ല. ഫ്ളാറ്റുകളുടെയും വില്ലകളുടേയും നിർമ്മിതിയിൽ വേസ്റ്റുകളുടെ ശരിയായ സംസ്ക്കരണം നിർബന്ധമാക്കേണ്ടിയിരിക്കുന്നു. യാതൊരു മടിയുമില്ലാതെ സ്വന്തം ഫ്ളാറ്റിലെ മാലിന്യങ്ങൾ വഴിയിരികിൽ നിക്ഷേപിക്കുന്നവർക്ക് മാതൃകാപരമായ ശിക്ഷ ഉറപ്പാക്കേണ്ടിയിരിക്കുന്നു.

■

# 14. ജീവനക്കാരന്റെ കാര്യക്ഷമത

സർക്കാർ ജീവനക്കാരന്റെ കാര്യക്ഷമതയെപ്പറ്റി സംസാരിക്കാത്തവർ വിരളമാണ്. സർക്കാൻ ജീവനക്കാരന്റെ കാര്യക്ഷമത വളർത്തേണ്ടതിന്റ ആവശ്യകത വിളിച്ചോതുന്നതാണ് അത്തരക്കാരുടെ പ്രകടനങ്ങൾ. ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവരിൽ നിന്നുപോലും വേണ്ടത്ര ക്ഷമത ലഭിക്കുന്നില്ല എന്നത് എവിടെയോ എന്തൊക്കെയോ ചീഞ്ഞു നാറുന്നു എന്ന് വ്യക്തമാക്കുന്നു.

കേരളത്തെ സംബന്ധിച്ചിടത്തോളം വിവിധങ്ങളായ സർക്കാർ സ്ഥാപനങ്ങളിലെ ഒട്ടുമിക്ക തൊഴിലുകളിലേക്ക് തിരഞ്ഞെടുക്കുന്നതിനായി ഒരു സർക്കാർ സംവിധാനം തന്നെ നിലനിൽക്കുന്നു. പബ്ലിക് സർവ്വീസ് കമ്മീഷൻ എന്ന വിളിപ്പേരിൽ അറിയപ്പെടുന്ന ഈ സംവിധാനം പോലും ഇത്തരം അപവാദങ്ങൾക്ക് അതീതമല്ല.

നമ്മുടെ സർക്കാർ തൊഴിലിടങ്ങളെല്ലാം തന്നെ ജാതിയുടെ വേലിക്കെട്ടുകൾക്കകത്ത് നിന്നാണ് ആളുകളെ തിരഞ്ഞെടുക്കുന്നതും നിയമിക്കുന്നതും. ഇതിനെല്ലാം മറയായി പറയുന്നത് ജാതി വ്യവസ്ഥ നിലനിന്നിരുന്ന രാജ്യത്ത് സാമൂഹ്യനീതി നടപ്പാക്കപ്പെടുന്നു എന്നതാണ്. അങ്ങനെ തുടർന്നും നിലനിന്നു പോരുന്ന ജാതി വ്യവസ്ഥയുടെ അകത്ത് നിന്നു മാത്രമെ നമുക്ക് കാര്യക്ഷമതയെ വിലയിരുത്താനും പ്രതീക്ഷിക്കാനും സാധ്യമാവൂ.

പബ്ലിക് സർവ്വീസ് കമ്മീഷൻ സർക്കാൻ ജീവനക്കാരെ തിരഞ്ഞെടുത്ത് നിയമനത്തിനായുള്ള ഉപദേശക ഉത്തരവ് നൽകുന്നത് കേരള സർവ്വീസ് റൂൾസ് പ്രകാരമാണ്. ഇത്തരം റൂൾസ് അനുശാസിക്കുന്നത് പലപ്പോഴും കാര്യക്ഷമതയെ അട്ടിമറിക്കും വിധമാണ്.

മെറിറ്റ് അനുശാസിച്ചു തയ്യാറാക്കിയ ലിസ്റ്റിൽ നിന്നും കേരള സർവ്വീസ് റൂൾസിൽ കൊടുത്തിരിക്കുന്ന ജാതി പട്ടിക പ്രകാരം മെറിറ്റ് ലിസ്റ്റിൽ തന്നേക്കാൾ കാര്യക്ഷമതയുള്ളവരുടെ കൺട്രോളിങ്ങ് ഓഫീസർമാരായി പ്രൊമോഷൻ ലഭിക്കത്തക്ക വിധമാണ് സർക്കാർ ജീവനക്കാരെ നിയമിക്കുന്ന നിലവിലുള്ള രീതി.

മെറിറ്റിലല്ലാതെ ജാതിയുടെ പേരിൽ നിയമിക്കപ്പെടുന്ന കൺട്രോളിങ്ങ് ഓഫീസർമാർ യഥാർത്ഥത്തിൽ കാര്യക്ഷമതയുള്ളവരുടെ ആത്മവിശ്വാസം നഷ്ടപ്പെടുത്തുകയും ചെയ്യുന്നു. ഇത്തരം ജാതീയ നിയമനങ്ങൾ നിഷേധിച്ചാൽ ഭൂരിപക്ഷം വരുന്ന പിന്നോക്ക വിഭാഗങ്ങളുടെ വോട്ട് ബാങ്ക് നഷ്ടപ്പെടുത്തിയേക്കാം. അതുകൊണ്ടു തന്നെ കാര്യക്ഷമത കണ്ടു

കൊണ്ട് ജാതീയ നിയമനങ്ങളിൽ നിന്നും കേരളം പിന്നോട്ടു പോകുമെന്നു പ്രതീക്ഷിക്കുക വയ്യ.

സർക്കാർ തൊഴിലിടങ്ങളിലെ കാര്യക്ഷമത വർദ്ധിപ്പിക്കണമെങ്കിൽ സർക്കാർ സർവ്വീസിലെ നിയമനം തൊട്ട് തന്നെ ശ്രദ്ധ കൊടുക്കേണ്ടിയിരിക്കുന്നു. നിയമനങ്ങൾ നടത്തുമ്പോൾ കൂടുതൽ മെറിറ്റുള്ളവരെ അല്ലെങ്കിൽ കൂടുതൽ കാര്യക്ഷമതയുള്ളവരെ മറികടന്ന് ജാതി പരിഗണന വച്ച് കൺട്രോളിങ്ങ് ഓഫീസർമാരായി പ്രമോഷൻ കൊടുക്കുന്ന രീതി അവസാനിപ്പിക്കേണ്ടിയിരിക്കുന്നു. കൺട്രോളിങ്ങ് ഓഫീസർമാരായോ മറ്റു രീതിയിലോ പ്രമോഷൻ ലഭിക്കണമെങ്കിൽ മെറിറ്റ് അടിസ്ഥാനത്തിലുള്ളവരെ മാത്രമെ പരിഗണിക്കൂ എന്നു തീരുമാനിക്കേണ്ടിയിരിക്കുന്നു.

ജാതിയുടെ പേരിൽ നിമനം ലഭിക്കുന്നവർക്ക് പ്രൊമോഷൻ നിഷേധിക്കുന്നതു പോലെ പ്രധാനമാണ് പ്രൊമോഷൻ പോസ്റ്റിൽ ജാതിയുടെ പേരിലുള്ള നേരിട്ട് നിയമനവും. സർക്കാർ തൊഴിലിടങ്ങളിലെ കാര്യക്ഷമത കേരള ജനത അർഹിക്കുന്നു എന്നും കാര്യക്ഷമത തകർക്കുന്ന ഇന്നത്തെ പ്രൊമോഷൻ രീതി അവസാനിപ്പിച്ച് കേരള ജനതക്ക് നല്ലൊരു ഭാവി നൽകുവാനിട വരുമെന്നും പ്രതീക്ഷിക്കാം.

■

# 15. ദേശീയ അവധി ദിനങ്ങൾ

**ഭാ**രതത്തെ സംബന്ധിച്ച് മൂന്ന് ദേശീയ അവധി ദിനങ്ങളാണ് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. ഈ അവധി ദിനങ്ങളെല്ലാം തന്നെ കാലങ്ങളായി തുടരുന്നവയുമാണ്. ഏതൊരു രാജ്യത്തും ഇത്തരം ദേശീയ അവധി ദിനങ്ങൾ നിലനിൽക്കുന്നു. ഇത്തരം ദേശീയ അവധി ദിനങ്ങൾ എന്തിനാണെന്നോ ഏതിനാണെന്നോ അറിയാതെ കടന്നു പോകുന്നു എന്നതാണ് രാജ്യം നേരിടുന്ന പ്രതിസന്ധി.

ദേശീയ അവധി ദിനം എന്ന വിളിപ്പേര് തന്നെ അതിന്റെ ദേശീയ പ്രാധാന്യം വിളിച്ചോതുന്നതാണ്. സർക്കാർ ജീവനക്കാരനാണെന്നതു കൊണ്ടു തന്നെ ഈ ദേശീയ ദിനങ്ങളെ ദേശസ്നേഹം വളർത്തും വിധവും കാര്യക്ഷമതയോടെയും ആചരിക്കേണ്ടിയിരിക്കുന്നു.

സർക്കാർ ജീവനക്കാർ പൊതുവെ സ്വകാര്യ മേഖലയിലെ ജീവനക്കാരനുമായി താരതമ്യം ചെയ്യുമ്പോൾ വിവിധങ്ങളായ ക്ഷേമ പദ്ധതികളുടെ ആനുകൂല്യം പറ്റുന്നവരാണ്. പൊതുജനങ്ങളുടെ സേവകരായി മാറേണ്ട സർക്കാർ ജീവനക്കാരിൽ ഭൂരിഭാഗവും ഇന്ന് അഴിമതിയിലും കൈക്കൂലിയിലും ഓഫീസുകളുടെ വൃത്തിയില്ലായ്മയിലും പുത്തൻ ടെക്നോളജി നിരുത്സാഹപ്പെടുത്തുന്നതിലും മുന്നിൽ നില്ക്കുന്നു എന്നതു കൂടാതെ പൊതുജനങ്ങളോടു മാന്യമായി പെരുമാറുന്നതിൽ പോലും വിമുഖത പ്രകടിപ്പിക്കുന്നു എന്നത് പൊറുക്കാനാകാത്ത കുറവ് തന്നെയായി നിലനിൽക്കുന്നു. ഇത് ദേശസ്നേഹത്തോടുള്ള അലംഭാവത്തിന്റെ സൂചന തന്നെയാണ്.

ദേശീയ അവധി ദിനങ്ങൾ ചുരുങ്ങിയ പക്ഷം എങ്ങനെ കൊണ്ടാടണം എന്നതിനെ സംബന്ധിച്ച് ഈ അടുത്തയിടെ ഉണ്ടായ കോടതി വിധികൾ നമ്മെ ഓർമ്മപ്പെടുത്തുന്നു. ദേശീയ അവധി ദിനങ്ങളായ സ്വാതന്ത്ര്യ ദിനത്തിലും റിപ്പബ്ലിക് ദിനത്തിലും ഒട്ടു മിക്ക സർക്കാർ, സർക്കാരിതര സ്ഥാപനങ്ങളിലും പതാകയുയർത്താറുണ്ട്. ലളിതമായ ഇത്തരം ചടങ്ങുകളിൽ പോലും സർക്കാർ ജീവനക്കാരുടെ പ്രാതിനിധ്യം എത്രത്തോളമുണ്ട് എന്നത് ചിന്തനീയമാണ്. കേരളത്തിലും പതാകയുയർത്തുന്ന ഇത്തരം ചടങ്ങുകൾ പലപ്പോഴും ആഭാസകരമായി മാറുന്നു എന്നത് എടുത്ത് പറയേണ്ടതാണ്. ഉദാഹരണത്തിന് മാറാല അടിക്കുന്ന ചൂലിന്റെ അറ്റത്ത് ത്രിവർണ്ണ പതാകയുയർത്തുന്നത് വാർത്തകളിൽ നിറഞ്ഞു നിൽക്കുന്നതും ആവർത്തിക്കപ്പെടുന്നതുമായ സംഭവങ്ങളാണ്. ഇതര സാമൂഹ്യ സാഹചര്യങ്ങളിൽ നിന്നും വ്യത്യസ്തമായ സാമൂഹ്യ ഉത്തരവാദിത്വം നിറവേറ്റപ്പെടേണ്ട സർക്കാർ ജീവനക്കാരൻ പോലും ദേശീയ അവധി ദിനങ്ങളെ

എത്രമാത്രം ലാഘവത്തോടെയും ദേശവിരുദ്ധവുമായാണ് നോക്കി കാണുന്നത് എന്ന് ഇത്തരം സംഭവങ്ങൾ വ്യക്തമാക്കുന്നു.

നമ്മുടെ ദേശീയ അവധി ദിനങ്ങൾ ദേശസ്നേഹത്തിന്റെ മുഖമുദ്രമായി മാറുമെന്നും അന്നത്തെ ദിവസങ്ങളിൽ ദേശസ്നേഹം വളർത്തുന്ന പ്രവർത്തനങ്ങളിൽ രാജ്യമൊട്ടുക്കും പ്രത്യേകിച്ച് സർക്കാർ ജീവനക്കാരും ആത്മാർത്ഥതയോടെ മുഴുകുമെന്നും ഇത് സങ്കുചിതമായ ജാതി, മത ചിന്തകളിൽ നിന്നും വിശിഷ്യ രാജ്യദ്രോഹ പ്രവർത്തനങ്ങളിൽ നിന്നും മാറി ചിന്തിക്കുവാൻ ഇടയാക്കുമെന്നും പ്രതീക്ഷിക്കാം.

■

# 16. മെറ്റൽ റോഡുകൾ

**പ**ഞ്ചായത്തീരാജ് സംവിധാനം നിലവിൽ വന്നിട്ട് രണ്ട് ദശാബ്ദങ്ങളാകാൻ പോകുന്നു. ഇത്തരം സംവിധാനത്തിന്റെ പോരായ്മയായി പറയുവാനുള്ളത് അതിലെ ധനവിനിയോഗത്തെ പറ്റിയാണ്. ഇത്തരം സ്ഥാപനങ്ങളിൽ തിരഞ്ഞെടുക്കപ്പെടുന്നവർ കൈകാര്യം ചെയ്യേണ്ടി വരുന്നത് കോടികൾ വരുന്ന തുകയാണ്. അവർ കൈകാര്യം ചെയ്യേണ്ടി വരുന്ന തുകയ്ക്ക് തുല്യമായ വിദ്യാഭ്യാസ യോഗ്യതയോ സത്യസന്ധതയോ തിരഞ്ഞെടുക്കപ്പെടുന്നവർക്ക് പലപ്പോഴും ഉണ്ടായിരിക്കില്ല എന്നത് പ്രശ്നത്തെ കൂടുതൽ സങ്കീർണ്ണമാക്കുന്നു. വേണ്ടത്ര സത്യസന്ധതയും വിദ്യാഭ്യാസ യോഗ്യതയും ഉള്ളവർ കേരളത്തെ പോലെ ഒരു സംസ്ഥാനത്ത് വിരളമല്ലെങ്കിലും രാഷ്ട്രീയ പരിഗണനകളും സീനിയോറിറ്റിയുമൊക്കെ പരിഗണിക്കപ്പെടുന്നതിനാൽ തദ്ദേശ സ്ഥാപനങ്ങൾ കേരളത്തിലും പ്രതിസന്ധി നേരിടുന്നുണ്ട് എന്ന് സമ്മതിക്കേണ്ടി വരുന്നു.

കേരളത്തിലെ ഒട്ടുമിക്ക പഞ്ചായത്തുകളും പശ്ചാത്തല മേഖലയ്ക്ക് പ്രാമുഖ്യം നൽകി റോഡുകൾ രൂപപ്പെടുത്തി, ഗതാഗത യോഗ്യമാക്കുന്നതിൽ പ്രാമുഖ്യം നൽകി. ഇത് ഉൽപ്പാദന മേഖലയെ തെല്ലൊന്നുമല്ല തളർത്തിക്കളഞ്ഞത്. ഇത്തരം റോഡുകൾ വേണ്ടത്ര ഉറപ്പുള്ളതും നീണ്ടകാലം നിലനിൽക്കേണ്ടതുമാണ്.

പ്രാദേശികമായി വ്യത്യസ്തമായ ഭൂവിഭാഗങ്ങളിൽ റോഡുകൾ നിർമ്മിക്കുമ്പോൾ വ്യത്യസ്തമായ ശൈലിയും രൂപപ്പെടുത്തേണ്ടതുണ്ട്. ടാർ റോഡുകൾ 15 വർഷക്കാലമെങ്കിലും പൊട്ടിപ്പൊളിയാത്ത റോഡുകളാണെന്ന് ഉറപ്പു വരുത്തേണ്ടിയിരിക്കുന്നു. എറണാകുളം പോലുള്ള ജില്ലയിൽ സമുദ്ര നിരപ്പിലും താഴെയുള്ളതും പുഴയോട് അടുത്ത പ്രദേശങ്ങളിലും ഓരുവെള്ളം ശല്യം ചെയ്യുന്ന പ്രദേശങ്ങളിലും റോഡുകൾ 15 വർഷക്കാലം നിലനിൽക്കുമെന്ന് പ്രതീക്ഷിക്കുക സാധ്യമല്ല. അത്തരം പ്രദേശങ്ങളിൽ റോഡുകൾ തീർക്കുമ്പോൾ സിമന്റിട്ട് വാർത്ത മെറ്റൽ റോഡുകൾക്ക് പ്രാമുഖ്യം കൊടുക്കേണ്ടിയിരിക്കുന്നു.

ആദ്യ നാളുകളിൽ റോഡുകൾ നിർമ്മിക്കുന്നതിൽ കൊടുത്ത കൂടിയ പരിഗണന ഒട്ടൊക്കെ ആവശ്യമായ റോഡുകളുടെ നിർമ്മിതിക്ക് കാരണമായി. ഓരു വെള്ളം കയറുന്ന പ്രദേശങ്ങളിലെ ടാർ റോഡുകളുടെ ആയുസ്സ് താരതമ്യേന കുറഞ്ഞ കാലയളവായിരിക്കും. ഇത്തരം കുറഞ്ഞ കാലയളവുള്ള ടാർ റോഡുകളുടെ ആയുസ്സിനെ മെറ്റൽ റോഡുകളുടെ നിർമ്മിതി കൊണ്ടു മാത്രമെ പരിഹരിക്കാൻ സാധിക്കുകയുള്ളൂ. ടാർ റോഡുകൾക്കൊപ്പം ആവശ്യമായയിടങ്ങളിൽ ഒരു നിശ്ചിത ശതമാനം മെറ്റൽ റോഡുകളും നിർമ്മിക്കുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾ പരിഗണന നല്കേണ്ടതുണ്ട്. ■

# 17. റവന്യൂ വരുമാനവും ജീവനക്കാരും

റവന്യൂ വരുമാനത്തിന്റെ ഭൂരിഭാഗവും സർക്കാർ ജീവനക്കാരന്റെ ശമ്പളത്തിനും പെൻഷനുമായി ചെലവഴിക്കപ്പെടുന്നു എന്ന് വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. കേരളത്തിന്റെ ശരിയായ ധനവിനിയോഗം എങ്ങനെ നടത്തപ്പെടുന്നു എന്നത് ചിന്തനീയമാണ്.

ഏതൊരു സർക്കാരിനെ സംബന്ധിച്ചിടത്തോളവും ഏതേതു ആവശ്യങ്ങൾക്കായാണ് റവന്യൂ വരുമാനം ചെലവഴിക്കപ്പെടേണ്ടി വരുന്നത് എന്നതിനെ അടിസ്ഥാനപ്പെടുത്തിയാണ് ആ രാജ്യത്തിന്റെ അല്ലെങ്കിൽ ആ സംസ്ഥാനത്തിന്റെ വികസന നയം രൂപപ്പെടുന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം നമ്മുടെ റവന്യൂ വരുമാനത്തിന്റെ ഭൂരിഭാഗവും ചെലവഴിക്കപ്പെടേണ്ടി വരുന്നത് സർക്കാർ ജീവനക്കാരുടെ ശമ്പളവും പെൻഷനും വേണ്ടിയാണ്. റവന്യൂ ചെലവ് വെളിവാക്കുന്നത് ഉൽപ്പാദനക്ഷമമായല്ല നമ്മുടെ ധനവിനിയോഗം നടക്കുന്നത് എന്നതു തന്നെയാണ്.

കേരളത്തിലെ സർക്കാർ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക എന്നതു തന്നെയാണ് ശരിയായ പോംവഴി. ഇരുട്ട് കൊണ്ട് ഓട്ട അടക്കുവാനുള്ള നമ്മുടെ ശ്രമങ്ങൾ പാഴ്‌വേല തന്നെയാണ്.

യഥാർത്ഥ മെറിറ്റ് കണക്കാക്കി കാര്യക്ഷമതയുടെ പേരിൽ നിയമനങ്ങൾ നടക്കുമ്പോൾ മാത്രമെ ശരിയായ ധനവിനിയോഗം നടപ്പാക്കപ്പെടുന്നുള്ളൂ. ഇപ്പോഴത്തെ നിയമനരീതി പ്രകാരം യഥാർത്ഥത്തിൽ ആവശ്യമായ ജീവനക്കാരേക്കാൾ കൂടുതൽ നിയമിക്കപ്പെടുന്നു എന്നു വ്യക്തം. ഇപ്പോഴത്തെ നിയമന രീതിയിൽ ഇപ്പോഴുള്ളതുപോലെ കൂടുതൽ ജീവനക്കാരെ നിയമിച്ചില്ലായെങ്കിൽ സർക്കാർ ഓഫീസുകളുടെ പ്രവർത്തനം താറുമാറാക്കപ്പെടുന്നതാണ്.

കേരളത്തിലെ ജനസംഖ്യയുമായി തട്ടിച്ചു നോക്കുമ്പോൾ സർക്കാർ ജീവനക്കാരുടെ എണ്ണം വളരെ തുച്ഛം തന്നെയാണ്. അതായത് അധികം വരുന്ന പിന്നോക്ക വിഭാഗങ്ങൾക്ക് ലഭ്യമാകേണ്ട റവന്യൂ സമ്പത്താണ് അവരുടെ പേരിൽ ഏറ്റവും ചുരുങ്ങിയ എണ്ണം പിന്നോക്ക വിഭാഗത്തിനായി ചെലവഴിക്കപ്പെടുന്നത്.

പിന്നോക്ക വിഭാഗത്തിലെ എല്ലാവർക്കും അർഹതപ്പെട്ടതും സർക്കാർ വികസനാവശ്യങ്ങൾക്ക് ഉപയോഗിക്കപ്പെടേണ്ടി വരുന്നതുമായ സർക്കാർ റവന്യൂ വരുമാനമാണ് ഇങ്ങനെ പാഴാക്കപ്പെടുന്നത്. ഇനിയെങ്കിലും കാര്യക്ഷമതയുടെ പേരിലുള്ള നിമയന രീതി അവലംബിക്കേണ്ടിയിരിക്കുന്നു. നമ്മുടെ സർക്കാർ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക വഴി സർക്കാർ ജീവനക്കാരുടെ എണ്ണം കുറയ്ക്കുവാനും അതുവഴി ജീവനക്കാരുടെ പേരിൽ ചെലവഴിക്കപ്പെടുന്ന റവന്യൂ തുകയിൽ കുറവ് വരുത്തുവാനും തയ്യാറാകും എന്നും പ്രതീക്ഷിക്കാം. ■

# 18. ബാറും മദ്യനിരോധനവും

**ബാർ** എന്നതു പോലെ കറവയുള്ള ഒരിനം വ്യവസായം മറ്റൊന്നില്ല എന്ന് രാഷ്ട്രീയ നേതൃത്വം മനസിലാക്കിയിരിക്കണം. ഈ വ്യവസായത്തിലെ ട്രേഡ് യൂണിയനുകൾ ഏതു രാഷ്ട്രീയ ചേരിയിലായിരുന്നുവോ അവർക്ക് കേരളത്തെ മദ്യപാന രോഗികളുടെ നാട് എന്ന പേരുദോഷം കൂടി കൂട്ടി ചേർക്കുന്നതിലുള്ള പങ്ക് അവിതർക്കിതമാണ്. സ്വന്തം പാർട്ടി അണികളെയും ആ വകയിൽ ലഭിക്കുന്ന ഫണ്ടുകളെയും മാറ്റി നിർത്തികൊണ്ട് ചിന്തിക്കുക ഏതു പാർട്ടികൾക്കാണാവുക.

കേരളത്തിന്റെ മാറി വരുന്ന മദ്യാസക്തി കണ്ടുകൊണ്ടാണ് അന്നത്തെ ചാരായ നിരോധനം നടപ്പിൽ വരുത്തിയത്. ജനപ്രിയ നടപടിയായിരുന്നു എന്നു പൊതുവെ കരുതുന്നതായിരുന്നു ഈ നടപടി. പിന്നീടിങ്ങോട്ട് ചാരായ ഷാപ്പുകളുടെ സ്ഥാനത്ത് കൂണുകൾ പോലെ ബാറുകളായി.

ബാർ നിരോധനത്തെ തത്വത്തിൽ അംഗീകരിച്ചുകൊണ്ട് സുപ്രീം കോടതി കേരളത്തിന്റെ മദ്യാസക്തിയെപ്പറ്റി പരമാർശിക്കുകയുണ്ടായി. ഭാരതത്തിന്റെ മുന്നു ശതമാനത്തിൽ താഴെ വരുന്ന ജനവിഭാഗം കൂടിച്ചു കൂട്ടുന്നത് ഭാരതത്തിലെ മൊത്തം മദ്യ ഉപയോഗത്തിന്റെ നല്ലൊരു ശതമാനം വരുമത്രെ.

ചാരായ ഷാപ്പുകൾ കൂണുകൾ പോലെ ഉണ്ടായിരുന്നപ്പോഴും ഇത്തരം ഷാപ്പുകളിലേക്ക് കടന്നു ചെല്ലുന്നത് എന്തൊ അപരാധമാണ് എന്ന രീതിയിൽ ചില്ലറ മറയൊക്കെയായിട്ടായിരുന്നു. എന്നാൽ ബാറുകൾ വന്നതോടെ ഇത്തരം മറയൊക്കെ മാറി ഒരുതരം ഗമപോലെയായി കാര്യങ്ങൾ. ചാരായ ഷാപ്പുകളിലും കള്ളുഷാപ്പുകളിലും പണ്ടൊക്കെ വല്ലപ്പോഴും റെയ്ഡ് നടത്തി തട്ടിപ്പ് കണ്ടു പിടിച്ചിരുന്നുവെങ്കിൽ ബാറുകൾ അത്തരമൊരു പരിശോധനക്ക് വിധേയമായതായി അടുത്ത കാലത്തൊന്നും കേട്ടിട്ടില്ല.

എത്രയൊക്കെ ചാരായ ഷാപ്പുകളുണ്ടായിരുന്നുവെങ്കിലും ഇത്രത്തോളം മുഴുക്കുടിയന്മാരൊ, ഇത്രമാത്രം മദ്യാസക്തി കൂടിയവരൊ, മദ്യപാനത്തെ തുടർന്നുള്ള രോഗികളൊ കേരളത്തിലുണ്ടായിരുന്നില്ല എന്നു വ്യക്തം. പണ്ട് കറുപ്പ് നിരോധിച്ചപ്പോൾ ചെയ്തതുപോലെ റേഷൻ സംവിധാനം മദ്യപന്മാർക്കായി ഒരുക്കേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ മദ്യസേവ സ്റ്റാറ്റസാണെന്ന കേരളത്തിന്റെ പൊതുവായ നിലപാട് പുതുതലമുറയും ഏറ്റു ചൊല്ലിയേക്കാം. ഇത് കേരളത്തിന്റെ ഭാവി ഇരുളടഞ്ഞതാക്കുകതന്നെ ചെയ്യും.

■

# 19. വോട്ടും ജനാധിപത്യവും

നമ്മുടെ ഭാരതം ജനാധിപത്യ രാജ്യമാണ്. എല്ലാവരും തുല്യരും ജാതി മത ചിന്തകൾക്കതീതരുമാണ്. ഭരണഘടന നൽകുന്ന ഇത്തരം സംരക്ഷണ ങ്ങളോ മുൻവിധികളോ ആണ് നമ്മളെ നയിക്കുന്നതും നമ്മൾ ജനാധി പത്യ രാജ്യത്തിലാണ് ജീവിക്കുന്നത് എന്ന് ഓർമ്മപ്പെടുത്തുന്നതും.

വർഷാവർഷം വിനിയോഗിക്കുന്ന വോട്ടുകളാണ് നമ്മെ ജനാധി പത്യ പൗരന്മാരാക്കുന്നത്. വോട്ട് വിനിയോഗിക്കുന്നതിലെ തീരുമാനങ്ങ ളാണ് നമ്മുടെ ഭാവി തീരുമാനിക്കപ്പെടുന്നത്. നമ്മളോരുത്തരും തെറ്റുകൾക്ക തീതരല്ല എന്നിരിക്കെ എങ്ങനെയാണ് നമ്മൾ തിരഞ്ഞെടുക്കുന്നവരും തെറ്റുകൾക്കതീതരാകുന്നത്.

ജനാധിപത്യ വ്യവസ്ഥയിൽ ജനങ്ങളുടെ അഭിലാഷം നേടിത്തരുന്ന വർക്കായിരിക്കും വോട്ടുകൾ കൂടുതൽ ലഭിക്കുക എന്നു വ്യക്തം. അങ്ങനെ നോക്കുമ്പോൾ ജനങ്ങളെ എങ്ങനെയെല്ലാം കൈയ്യിലെടുക്കാമൊ അങ്ങനെ യെല്ലാം കൈയിലെടുത്ത് വോട്ടു കൂടുതൽ നേടുക എന്നതിനായിരിക്കും മുൻഗണന നൽകപ്പെടുന്നത്. അത് ജാതിയുടെ പേരിലായിരിക്കാം മത ത്തിന്റെ പേരിലായിരിക്കാം തെറ്റിദ്ധരിപ്പിക്കപ്പെടുന്നതിന്റെ പേരിലാ യിരിക്കാം സൗജന്യങ്ങൾ വാരിക്കോരി നൽകുന്നതിന്റെ പേരിലായിരിക്കാം. ശരിയായ ചിന്താശക്തി പലപ്പോഴും ലഭിക്കാത്തതിനാൽ വോട്ടർമാർക്ക് ഇത്തരം പ്രലോഭനങ്ങളെ അതിജീവിക്കാൻ സാധിക്കുക എളുപ്പമല്ല.

എടുത്ത് പറയാവുന്ന പോരായ്മകളായി നമുക്ക് തോന്നുക അഴിമതി യും സത്യസന്ധതയില്ലായ്മയുമാണ്. ഇതിനെ അതിജീവിക്കുകയാണെ ങ്കിൽ നമുക്ക് വികസനത്തിനാവശ്യമായ സമ്പത്ത് സ്വരുക്കൂട്ടിയെടുക്കു വാൻ സാധിക്കും. സത്യസന്ധതയില്ലായ്മയും അഴിമതിയും നടമാടുമ്പോൾ ചെറുതും വലുതുമായ പദവികൾ അലങ്കരിക്കുന്നവർ വിട്ടുവീഴ്ചകൾ ചെയ്യേണ്ടതായി വരുന്നു. ഈ വിട്ടുവീഴ്ചകൾ ഒരിക്കലും ജനങ്ങളുടെ ഉന്നതിക്കുപയുക്തം ആയിരിക്കുകയില്ല.

നല്ല സംസ്ക്കാരവും ജീവിത മൂല്യങ്ങളുമുള്ള സമൂഹം തീർച്ചയായും നല്ല സംസ്ക്കാരവും മൂല്യങ്ങളുമുള്ളവരെ തിരഞ്ഞെടുക്കുന്നു. നല്ല സംസ്ക്കാരവും ജീവിത മൂല്യങ്ങളുമുള്ള സമൂഹം ആരെ പിന്തുണക്കുന്നു എന്നതും അത്തരം സമൂഹം ജനാധിപത്യത്തിൽ എത്രമാത്രം ശക്തി പ്രാ പിക്കുന്നു എന്നതുമാണ് ശരിയായ ജനാധിപത്യത്തിന്റെ വിജയത്തിനു കാരണമായിട്ടുള്ളത്. അത്തരം സമൂഹങ്ങൾ തന്നെയായിരിക്കണം ജനാധിപത്യ രാഷ്ട്രങ്ങളിൽ മാർഗദർശകമായി നിലകൊള്ളേണ്ടതും. ■

# 20. സ്ത്രീ ശാക്തീകരണം

**സർ**വ്വദേശീയ ദിനാചരണങ്ങൾ കൊണ്ടാടപ്പെടുകയാണ്. വനിതാ ദിനം എന്ന പേരിൽ സ്ത്രീകൾക്കുമുണ്ട് ഒരു സർവ്വദേശീയ ദിനാചരണം. സ്ത്രികളെ ശക്തിപ്പെടുത്തുക എന്നതിനാലാണ് ഈ സർവ്വദേശീയ ദിനാചരണത്തിന്റെ പ്രസക്തി ഏറുന്നത്.

ഭാരതത്തിലും കേരളത്തിലും വനിതാ ദിനാചരണം ചിലതൊക്കെ ഓർമ്മപ്പെടുത്തുന്നുണ്ട്. സെമിനാറുകളും ചർച്ചകളും റാലികളും എന്നു വേണ്ട സ്ത്രീകളുടെ ശാക്തീകരണത്തിനുതകുന്ന വിവിധ പരിപാടികൾ കൊണ്ട് വനിതാ ദിനം കെങ്കേമമായി കൊണ്ടാടപ്പെടുന്നു.

എത്രമാത്രം വനിതാ ദിനങ്ങൾ കൊണ്ടാടപ്പെടുന്നുവോ അത്രമാത്രം സ്വാതന്ത്ര ബോധം സ്ത്രീകളിൽ വന്നു ചേരുന്നു എന്നതാണ് സങ്കൽപ്പം. സ്ത്രീ സമൂഹത്തെ രണ്ടായി മഹത്വവൽക്കരിക്കാവുന്നതാണ്, സംഘടിത സ്ത്രീ സമൂഹവും അസംഘടിത സ്ത്രീ സമൂഹവും. സംഘടിത സ്ത്രീ സമൂഹം എന്നതുകൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത് സംഘടിത മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീകളെയാണ്. ഈ മേഖലയിലെ സ്ത്രീകൾക്ക് നിയമപരമായും സംഘടിതമായും ലഭ്യമാകുന്ന പരിരക്ഷ പക്ഷെ അസംഘടിത മേഖലയിലെ സ്ത്രീകൾക്ക് ലഭിക്കുന്നില്ല. സംഘടിത മേഖലയിലെ സ്ത്രീകളുടെ പരാതികൾ കേൾക്കുവാൻ അതാതു സ്ഥാപനങ്ങളിൽ നിയമപരമായി രൂപീകരിക്കപ്പെട്ട സെല്ലുകൾ പോലും നിലനിൽക്കുന്നു.

അസംഘടിത മേഖലയിലെ സ്ത്രീകൾക്ക് പലപ്പോഴും ലഭ്യമാകുന്നത് ഇത്തരം സംഘടിത മേഖലയിലെ സ്ത്രീകളുടെ പെരുമാറ്റ വൈകല്യങ്ങളിലൂടെയുള്ള ബുദ്ധിമുട്ടുകളാണ്. സംഘടിത മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് സഹായിയായി നിലകൊള്ളുന്നത് അസംഘടിത മേഖലയിലെ സ്ത്രീകളാണ്. അത് ഹോം നഴ്സായോ, വീട്ടുവേലക്കാരിയായോ, വീട്ട് സാധനങ്ങൾ ലഭ്യമാക്കുന്ന വർക്കറായോ ഒക്കെയായിരിക്കും. ഇത്തരം അസംഘടിത മേഖലയിലെ തൊഴിലാളികളോട് എങ്ങനെയാണ് സംഘടിത മേഖലയിലെ സ്ത്രീകൾ പെരുമാറുന്നത് എന്നത് വളരെ ചിന്തനീയമാണ്.

സംഘടിത മേഖലയിൽ നിലനിൽക്കുന്ന സംഘടിതമായ ശക്തിക്കു പുറമെയാണ് അത്തരം മേഖലയിൽ അവരുടെ പരാതികൾ കൈകാര്യം ചെയ്യാനുതകുന്ന നിയമ പരിരക്ഷയും ലഭ്യമാകുന്നത്. ഇത്തരമൊരവസ്ഥയിൽ സംഘടിത മേഖലയിലെ സ്ത്രീകൾക്ക് കൂടുതൽ ജാഗരൂകരായി കാര്യങ്ങൾ കൈകാര്യം ചെയ്യുവാൻ കഴിയുന്നു.

തങ്ങളുടെ തന്നെ ഭാഗമായ അസംഘടിത മേഖലയിലെ സ്ത്രീകളോട് സംഘടിത മേഖലയിലെ സ്ത്രീകൾ എങ്ങനെ പെരുമാറുന്നു എന്നതും

അവരുടെ അവകാശങ്ങൾ എന്തെല്ലാം നിഷേധിക്കുന്നു എന്നതും ഒരു വൈരുധ്യമായി തോന്നാമെങ്കിലും ഈ അവസ്ഥ തന്നെയാണ് നാട്ടിൽ നിലനിൽക്കുന്നത്. അസംഘടിത മേഖലയിലെ സ്ത്രീകളുടെ അവകാശങ്ങളും തങ്ങളെപ്പോലെ പ്രധാനമാണ് എന്നത് സംഘടിത മേഖലയിലെ സ്ത്രീകൾ തിരിച്ചറിയുന്നിടത്താണ് യഥാർത്ഥ സ്ത്രീ ശാക്തീകരണം സംഭവിക്കുന്നത്. അത്തരം സമാനമായ ഒരു കാഴ്ചപ്പാട് സംഘടിത സമൂഹത്തിലെ സ്ത്രീകൾക്ക് ലഭ്യമാകട്ടെ എന്നാശംസിക്കാം.

■

# 21. കൂര വയ്ക്കാൻ ഭൂമി

**ഭാ**രതത്തിൽ ചില സംസ്ഥാനങ്ങൾ നടപ്പിലാക്കിയ ഭൂപരിഷ്ക്കരണം ഏറെ ചർച്ച ചെയ്യപ്പെട്ടതാണ്. കാലോചിതമായിരുന്ന പരിഷ്ക്കാര നടപടികൾ ഏതു കാലത്തും നല്ല ഭരണകൂടങ്ങളുടെ കടമയായി കണക്കാക്കപ്പെടുന്നു. അത്തരം ഭരണ പരിഷ്ക്കാരങ്ങൾ പ്രകീർത്തിക്കപ്പെടാറുമുണ്ട്. എങ്കിലും ഭരണ പരിഷ്ക്കാരങ്ങൾ ചിലപ്പോഴൊക്കെ വിമർശനങ്ങൾക്ക് വിധേയമാകാറുണ്ട്. ഒരു വിഭാഗത്തിന് നേട്ടങ്ങൾക്ക് കാരണമാകുന്നവ ചിലപ്പോഴൊക്കെ മറ്റു ചില വിഭാഗങ്ങൾക്ക് കോട്ടമായി മാറുന്നു എന്നതാണതിനു കാരണം. കേരളത്തെ സംബന്ധിച്ചിടത്തോളം പത്ത് സെന്റ് ഭൂമി വിതരണവും പ്രൈമറി സ്ക്കൂളുകൾ ദേശവൽക്കരിക്കാനുള്ള ശ്രമവുമെല്ലാം അത്തരം വിമർശനങ്ങൾക്ക് വിധേമായ പരിഷ്ക്കാരങ്ങൾ തന്നെയാണ്. പത്ത് സെന്റ് ഭൂമി വിതരണം നമ്മളെ കൃഷിഭൂമിയിൽ നിന്നകറ്റുകയും കാലാന്തരത്തിൽ സ്വർണ്ണവും വെള്ളിയും പോലെ ഭൂമിയും കച്ചവട വസ്തു മാത്രമായി മാറുകയും ചെയ്തു. ഇങ്ങനെ കച്ചവട വസ്തുവായി മാറിയ ഭൂമിക്ക് സാധാരണക്കാരന് എത്തിപ്പിടിക്കാൻ പറ്റാത്ത വിധത്തിൽ വില കുതിക്കുകയും കൂര വയ്ക്കുവാൻ പറ്റാത്ത അവസ്ഥയിൽ എത്തിപ്പെടുകയും ചെയ്തു.

പ്രൈമറി സ്ക്കൂളുകൾ ദേശസാൽക്കരിക്കാനുള്ള ശ്രമങ്ങളെ നമുക്ക് പരാജയപ്പെടുത്തുവാൻ സാധിച്ചിരുന്നു. അല്ലായിരുന്നുവെങ്കിൽ നമ്മുടെ സ്ക്കൂളുകളും സർക്കാർ ഓഫീസുകൾ പോലെ അധ:പതിക്കുമായിരുന്നു എന്നു വ്യക്തം.

പത്ത് സെന്റ് ഭൂമി ലഭിച്ചവരിൽ ഒട്ടും കുറവല്ലാത്ത വിഭാഗം ആളുകൾ ഭൂമി വാങ്ങിക്കൂട്ടുന്നതിൽ ഉൽസുകരാവുകയൊ, ഭൂമി കച്ചവട വസ്തുവാക്കി ലാഭം കൊയ്യുന്നതിൽ മുഴുകുകയോ ചെയ്യുന്നുണ്ട്. ഇത്തരം ഭൂമി ഇടപാടുകൾ ഒന്നും തന്നെ നമ്മുടെ കാർഷിക മേഖലയെ പ്രോത്സാഹിപ്പിക്കുന്നതായിരുന്നില്ല. അതിന് കേരളം കൊടുക്കേണ്ടി വരുന്ന വില എത്രയെന്നു തിട്ടപ്പെടുത്താവുന്നതല്ല. ഭൂമി വാങ്ങിക്കൂട്ടുന്നതും കച്ചവട വസ്തുവാക്കി മാത്രം തരംതാഴ്ത്തുന്നതും പത്ത് സെന്റ് പരിഷ്ക്കാരങ്ങളുടെ ആശയങ്ങളെ പരാജയപ്പെടുത്തുന്നവ തന്നെയാണ്.

കൂര വയ്ക്കാൻ ഭൂമി ലഭ്യമല്ലാത്ത അവസ്ഥ അല്ലെങ്കിൽ കൂര വയ്ക്കാൻ ഭൂമി സാധാരണക്കാരന് വാങ്ങുവാൻ പറ്റാത്ത അവസ്ഥ പരിഷ്ക്കാരങ്ങളുടെ പട്ടികയിൽ പെടുത്താവുന്നവയല്ല. കൂര വയ്ക്കാൻ ഭൂമിയും നവീന സർക്കാർ പരിഷ്ക്കാരങ്ങൾക്കായുള്ള ഭൂമിയും കണ്ടെത്തപ്പെടേണ്ടിയിരിക്കുന്നു. ഇത്തരമൊരവസ്ഥയിൽ നിന്നായിരിക്കണം രണ്ടാം ഭൂപരിഷ്ക്കരണത്തെക്കൂടി വിലയിരുത്തപ്പേടേണ്ടത്.

കച്ചവട വസ്തുവാക്കി ഭൂമിയെ മാറ്റിയെടുത്ത്, ലാഭക്കൊതി മാത്രം ലാക്കാക്കി കൊണ്ട്, കൃഷിയെ മറന്നുള്ള മുന്നോട്ട് പോക്ക് നമ്മളെ ഒരിക്കലും പരിഷ്ക്കൃത സമൂഹമാക്കി മാറ്റുകയില്ല. അധികം വരുന്ന ഭൂമി കൃഷിയിലേക്ക് മാറ്റപ്പെടുകയും കൃഷി ആധുനിക സമൂഹത്തിന്റെ നിലവാരത്തിനൊത്ത വിധം ലാഭകരമാക്കേണ്ടതുമുണ്ട്. അതിന് ഭൂമിയെ കച്ചവട വസ്തുവാക്കി മാറ്റുന്ന പ്രവണത തടയുക തന്നെ വേണം.

പത്ത് സെന്റ് ഭൂമിയുടെ ആനുകൂല്യം പറ്റിയവർ അധികം വരുന്ന ഭൂമി കൈവശം വയ്ക്കുന്നതിന് പത്ത് സെന്റ് ഭൂമി സർക്കാരിലേക്ക് തിരിച്ച് നൽകിയിരിക്കണം എന്ന നിയമ വ്യവസ്ഥ കൊണ്ടു വരേണ്ടിയിരിക്കുന്നു. ഇതു തന്നെയാണ് ഭൂമിയെ കച്ചവട വസ്തുവാക്കി മാറ്റുന്ന പ്രവണതയെ തടയിടുന്നതിനും കൂര വയ്ക്കുവാൻ ഭൂമി കണ്ടെത്തുന്നിനുമുള്ള ശരിയായ പോംവഴി.

■

# 22. കഥ ഇതുവരെ

**ശ്രീ.** ഡി. ബാബു പോൾ, ഐ.എ.എസ്സ് ഓഫീസർ എന്ന നിലയിലും എഴുത്തുകാരൻ എന്ന നിലയിലും ശ്രദ്ധേയനാണ്. നാല് പതിറ്റാണ്ടോളം കേരളത്തിലെ ഒട്ടുമിക്ക മന്ത്രിമാരോടുമൊപ്പം സേവനമനുഷ്ഠിച്ച ശ്രീ. ഡി. ബാബുപോൾ എന്ന ഒരെഴുത്തുകാരനല്ലാതെ ആർക്കാണ് രാഷ്ട്രീയക്കാരുടെ മനസ്സറിയുവാനും അവരെ വിശകലനം ചെയ്യുവാനും കഴിയുക.

അദ്ദേഹത്തിന്റെ "കഥ ഇതുവരെ" എന്ന പുസ്തകത്തിൽ ശ്രീ. കെ.എം. മാണിയെപ്പറ്റിയുള്ള പരാമർശങ്ങൾ വളരെ ശ്രദ്ധേയമായിട്ടുള്ളതും ഇത്തരുണത്തിൽ ചിന്തനീയവുമാണ്.

1. ശ്രീ.കെ.എം.മാണിയുടെ പ്രാഗല്ഭ്യത്തിനും കാര്യക്ഷമതയ്ക്കും ആരുടെയും സാക്ഷ്യപത്രം വേണ്ട. ഇത്രകാലം മന്ത്രി ആയിരുന്നിട്ടും മാണിയുടെ പേരിൽ ഒരു അഴിമതി ആരോപണം ഉണ്ടായിട്ടില്ല. അത് ചെറിയ കാര്യമല്ല. (പേജ് 235)
2. മാണി എന്ന വ്യക്തി കൈക്കൂലിക്കാരനാണ് എന്ന് പറഞ്ഞാൽ ഞാൻ സമ്മതിക്കയില്ല. രാഷ്ട്രീയ കക്ഷികൾക്ക് പണം വേണം. അത് ഒരൊറ്റ നേതാവിന്റെ തലയിൽ വെച്ചു കെട്ടരുത്. 'ക്വിദ് പ്രോക്വോ' അടിസ്ഥാനത്തിൽ കെ.എം.മാണി ആരോടെങ്കിലും പണം പറ്റി എന്ന് ഞാൻ ഒരിക്കലും വിശ്വസിക്കയില്ല.(പേജ് 236)
3. കേരളം കണ്ടിട്ടുള്ള ഏറ്റവും പ്രഗല്ഭരായ പത്ത് മന്ത്രിമാരുടെ ഒരു പട്ടിക തലമുറ തിരിച്ച് തയ്യാറാക്കിയാൽ മാണിയുടെ തലമുറയിൽ മാണി ഒന്നാമനായിരിക്കും. (പേജ് 343)

മാനമുള്ളവനെ അത്തരം ഒരവസ്ഥയെപ്പറ്റി ആകുലപ്പെടേണ്ടതായിട്ടുള്ളൂ. രാഷ്ട്രീയ കക്ഷികൾക്ക് പണം വേണം, അത് ഒരൊറ്റ നേതാവിന്റെ തലയിൽ വെച്ചു കെട്ടി, മാന്യന്മാരെ അധിക്ഷേപിച്ചുള്ള, താരതമ്യേന നിലവാരം കുറഞ്ഞവരുടെ രാഷ്ട്രീയ മുന്നേറ്റങ്ങൾ എന്നാണാവോ ജനം തിരിച്ചറിയുക.

■

# 23. വിവിധങ്ങളായ തൊഴിലിടങ്ങൾ

നമ്മുടെ സംസ്ഥാനത്ത് തൊഴിൽ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള അനുകൂല കാലാവസ്ഥ നിലവിലില്ലായെന്ന അഭിപ്രായം നിലനിൽക്കുന്നു. പൊതുവെ വിദ്യാഭ്യാസത്തിലും മുന്തിയ സാമൂഹ്യ സാഹചര്യത്തിലും മുന്നിട്ടു നിൽക്കുന്ന കേരളീയൻ മുന്തിയ തൊഴിൽ സംസ്ക്കാരം നേടിയെടുക്കുന്നതിൽ പരാജയപ്പെട്ടു എന്നു കരുതപ്പെടുന്നു.

അനുകൂലമല്ലാത്ത തൊഴിൽ സാഹചര്യങ്ങളുടെ സമ്മർദ്ദത്തിൽ ഉന്നത വിദ്യാഭ്യാസം നേടിയവർക്ക് അന്യസംസ്ഥാനങ്ങളേയോ അന്യരാജ്യങ്ങളേയോ ആശ്രയിക്കേണ്ടി വരുന്നു. കേരളത്തെ സംബന്ധിച്ചിടത്തോളം സർക്കാർ പൊതുമേഖല സ്ഥാപനങ്ങളുടെ ചുരുങ്ങിയ തൊഴിൽ മേഖല ഒഴിവാക്കിയാൽ വിദ്യാഭ്യാസത്തിലും മുന്തിയ സാമൂഹ്യ സാഹചര്യത്തിലും മുന്നിട്ടു നിൽക്കുന്ന കേരളീയന് തൊഴിൽ തേടി മറ്റു സ്ഥലങ്ങളിലേക്ക് പോകേണ്ടി വരുന്നു.

ജോലിയുടെ പ്രത്യേകത അനുസരിച്ച് വിവിധങ്ങളായ ഉത്തരവാദിത്വങ്ങൾ സാധാരണമായിരിക്കും. കേരളത്തിൽ തൊഴിലാളി അനുകൂല സാഹചര്യം നിലനിൽക്കുന്നതിനാൽ ജോലിതേടി വിവിധ സ്ഥലങ്ങളിലേക്ക് പോകുന്നവരുടെ ബദ്ധപ്പാടുകൾ കേരളത്തിലെ തൊഴിലാളി സമൂഹത്തോടു താരതമ്യം ചെയ്യാവുന്ന വിധമല്ല. തൊഴിൽ സംരംഭകർ അന്യ സംസ്ഥാനത്തോ അന്യരാജ്യത്തോ തൊഴിൽ ശാലകൾ ആരംഭിക്കുമ്പോൾ ഉയർന്ന ഉർപ്പാദന ക്ഷമത തന്നെയാണ് ലക്ഷ്യമിടുന്നത്.

ജോലി തേടി അന്യസംസ്ഥാനത്തു പോകുന്നവന്റെ ബുദ്ധിമുട്ടുകൾ കേരളത്തിലെ തൊഴിൽ അനുകൂല കാലാവസ്ഥയുമായി ഇണങ്ങി ആസ്വദിക്കുന്നവന് മനസ്സിലാകണമെന്നില്ല. നമ്മുടെ സംസ്ഥാനത്ത് കുറഞ്ഞ കാര്യക്ഷമത പ്രകടമാക്കുന്നവന് കൂടിയ വേതനവും ആനുകൂല്യങ്ങളും ലഭിക്കുമ്പോൾ പുറത്തേക്ക് പോകേണ്ടി വന്നവർക്ക് കൂടിയ കാര്യക്ഷമത പ്രകടിപ്പിച്ചിട്ടും കുറഞ്ഞ വേതനവും കുറഞ്ഞ തൊഴിൽ സാഹചര്യവുമാണ് ലഭിക്കുന്നത്.

തീർച്ചയായും നമ്മുടെ സംസ്ഥാനം മാറേണ്ടിയിരിക്കുന്നു എന്നു തന്നെയാണ് വ്യക്തമാക്കപ്പെടുന്നത്. കേരളത്തിൽ നിലനിൽക്കുന്ന കൂടിയ വേതനവും കൂടിയ തൊഴിൽ സാഹചര്യവും കുടിയ കാര്യക്ഷമത അർഹിക്കുന്നുണ്ട്. കേരളത്തിലെ വേതന നിരക്കുകളും ശീതളിമയും എല്ലാവർക്കും അവകാശപ്പെട്ടതാണെന്നു തിരിച്ചറിയേണ്ടിയിരിക്കുന്നു. അന്യസ്ഥലങ്ങളിൽ ജോലി തേടി പോകുന്നവരെ നിസ്സഹായരാക്കി അവരെ കോക്കിരി കുത്തും വിധമുള്ള കേരളത്തിന്റെ ഇപ്പോഴത്തെ നിലപാടുകളിൽ മാറ്റം വരുമെന്നു പ്രതീക്ഷിക്കാം.

■

# 24. നീരയും തദ്ദേശ സ്ഥാപനങ്ങളും

**കേ**രളത്തെ കേരം തിങ്ങും നാട് എന്ന് വിശേഷിപ്പിക്കാറുണ്ട്. കേരളത്തിൽ കൂടുതലായി കാണുന്നതായ വൃക്ഷങ്ങളിൽ ഒന്നായി തെങ്ങിനെയാണ് ചൂണ്ടിക്കാണിക്കാറുള്ളത്. തെങ്ങ് സ്വന്തമായിട്ടില്ലാത്തവർ കേരളത്തിൽ വളരെ വിരളമാണ്. തെങ്ങ് കേരളീയന്റെ ജീവനും ജീവനോപാധിയുമായിരുന്നു. കാലാന്തരത്തിൽ തെങ്ങിനെ ആശ്രയിച്ചുള്ള സാധ്യതകൾ കുറഞ്ഞു വന്നു. ഇവിടെയാണ് നീരയുടെ പ്രസക്തി കാണേണ്ടത്. വർദ്ധിച്ചു വരുന്ന ശീതള പാനീയങ്ങളുടെ സ്ഥാനത്ത് നമ്മുടെ തന്നെ കൽപ്പവൃക്ഷത്തിൽ നിന്നുള്ള പോഷകങ്ങളടങ്ങിയ മറ്റൊരു ശീതളപാനീയം.

ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ ജനസംഖ്യ തുലോം തുച്ഛമാണ്. കേരളം മാത്രം വർഷാവർഷങ്ങളിൽ കോടിക്കണക്കിനു രൂപയ്ക്കു തുല്യമായ തുക ശീതളപാനീയത്തിനു മാത്രമായി ചെലവഴിക്കുന്നു. ഇത്രയും തുകയുടെ ബൃഹത്തായ വ്യവ്യസായ പ്രാധാന്യം കേരളം കണ്ടിരുന്നുവെങ്കിൽ എന്തുകൊണ്ടും നീരയിലൂടെ കേരവൃക്ഷത്തിന് നഷ്ടപ്പെട്ട പ്രതാപം തിരിച്ചു കിട്ടിയിരുന്നേനെ.

നമ്മുടെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പദ്ധതിപ്പണമായി കോടികൾ ലഭിക്കുന്നത് പ്രാദേശികമായ സാധ്യതകൾ മുൻകൂട്ടി കണ്ടുകൊണ്ട് അനുയോജ്യമായ പദ്ധതികൾ നടപ്പിലാക്കുക എന്ന ഉദ്ദേശത്തോടെയാണ്. ഉൽപ്പാദനക്ഷമത വർദ്ധിപ്പിച്ച് അവിടവിടങ്ങളിലുള്ള ജീവിത സാഹചര്യം മെച്ചപ്പെടുത്തുവാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കഴിയുക തന്നെ വേണം. തെങ്ങിന്റെ ഉൽപ്പന്നങ്ങൾ കാലോചിതമായി പരിഷ്ക്കരിച്ചാൽ മാത്രമെ തെങ്ങ് കൃഷി ജീവനോപാധിയാക്കി മാറ്റുവാൻ കഴിയുകയുള്ളൂ. നീര പ്രധാന വരുമാന സ്രോതസ്സായി കണ്ട് നീരയൂടെ ഉൽപ്പാദനം തെങ്ങുള്ളവർ വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ഇത് തെങ്ങുള്ളവർക്കെല്ലാം തെല്ലൊരാശ്വാസമായിരിക്കും.

നീരയുടെ ഉൽപ്പാദനത്തിൽ തദ്ദേശ സ്ഥാപനങ്ങൾ മുൻകൈയെടുക്കേണ്ടിയിരിക്കുന്നു. തദ്ദേശ സ്ഥാപനങ്ങൾ തന്നെയാണ് തദ്ദേശവാസികളുടെ ഉന്നമനത്തിനായി പ്രവർത്തിക്കേണ്ട പ്രഥമ സ്ഥാപനം. പഞ്ചായത്ത് രാജ് നിയമത്തിലൂടെ ലഭിച്ച കൂടുതൽ അവകാശങ്ങളും അധികാരങ്ങളും ഇക്കാര്യം വ്യക്തമാക്കുന്നതാണ്. തദ്ദേശ സ്ഥാപനങ്ങൾ നീര ഉൽപ്പാദനത്തിന് ആവശ്യമായ തൊഴിലാളികളെ കണ്ടെത്തണം. സാമ്പത്തികമായതോ പരിശീലനത്തിനാവശ്യമായതോ ആയ പരാധീനതകൾ തദ്ദേശ സ്ഥാപനങ്ങൾ തന്നെ പരിഹരിക്കണം. അതാതു പ്രദേശത്തെ നീര ഉൽപ്പാദ

കർക്ക് നീരയ്ക്കാവശ്യമായ തൊഴിലാളികളെ ലഭ്യമാക്കുവാൻ ശ്രമിക്കണം.

നീര ഉൽപ്പാദനം പ്രദേശവാസികളുടെ ഉന്നമനത്തിനുതകുന്നതാണെന്നും അതിലെ പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കേണ്ടത് തദ്ദേശ ഭരണകൂടങ്ങളുടെ കടമയാണെന്നും തിരിച്ചറിയേണ്ടിയിരിക്കുന്നു. തദ്ദേശവാസികളുടെ ഉന്നമനത്തിനുതകുന്ന കർമ്മ പരിപാടികളിൽ പ്രഥമ സ്ഥാനം നീരക്ക് നൽകുന്നതിൽ തദ്ദേശ ഭരണകൂടങ്ങൾ അമാന്തിക്കരുത്. കൂടുതൽ ഊർജ്ജസ്വലമായി നീരയുടെ കാര്യത്തിൽ തദ്ദേശ ഭരണകൂടങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കുമെന്നും തദ്ദേശ ഭരണകൂടങ്ങൾ കടമകൾ നിർവ്വഹിക്കുന്നതിലൂടെ കേരളീയന് തങ്ങളുടെ ജീവിത സാഹചര്യം മെച്ചമാക്കുവാൻ സാധിക്കുമെന്നും പ്രതീക്ഷിക്കാം.

■

# 25. 'നമ്മുടെ ജനാധിപത്യവും ബാർ ഉടമകളും'

*** പ്രാദേശികമായി ബാറുകൾക്ക് ലൈസൻസു നൽകുമ്പോൾ, പ്രാദേശിക ഭരണകൂടം, ജനകീയാഭിലാഷങ്ങളും എതിർപ്പുകളും അവഗണിക്കുന്നു.

*** ജനാധിപത്യപരമായി തിരഞ്ഞെടുക്കപ്പെട്ടവർ മാത്രമല്ല, അതതു ഡിപ്പാർട്ടുമെന്റുകളുമായി ബന്ധപ്പെട്ടവരും ബാർ നിരോധനത്തിലുള്ള വരുമാന നഷ്ടത്തെയോർത്ത് ആശങ്കാകുലരാണ്.

*** രാഷ്ട്രീയ പാർട്ടികൾക്ക് സ്വന്തം നിലനിൽപിനായി നിയമസഭാ മണ്ഡലങ്ങളിൽ കോടികൾ വർഷാവർഷം ചെലവഴിക്കപ്പെടേണ്ടി വരുന്നു.

*** റോഡ് അപകടങ്ങൾക്ക് പ്രധാനമായും കാരണമാകുന്ന ബാറുകളും ഔട്ട് ലറ്റുകളും പെട്രോൾ പമ്പുകളുടെ എണ്ണത്തേക്കാൾ കൂടുതലാണ്.

*** കേരളത്തിലെ യൂണിയനുകൾ പ്രധാനമായും വളർത്തിയെടുത്ത ഒരേയൊരു വ്യവസായം ബാർ വ്യവസായമാണ്.

*** പ്രധാനമായും കൊലപാതങ്ങളും വഴക്കുകളും നടക്കുന്നത് ബാർ സന്ദർശനങ്ങൾക്ക് ശേഷമാണ്.

*** ഒട്ടുമിക്ക അവികസിത രാജ്യങ്ങളിലും പ്രധാനമായും ജനാധിപത്യം നിലനിൽക്കുന്നത് പണത്തിന്റെയും കൈക്കരുത്തിന്റെയും ബലത്തിലാണെങ്കിൽ കേരളത്തിൽ പണത്തിന്റെയും കരുത്തിന്റയും പിന്നിലെ പ്രധാന സ്രോതസ്സുകൾ ബാറുടമകളാണ്.

*** ബാർ ഉടമകൾക്ക് മാധ്യമങ്ങളുമായി ബന്ധപ്പെട്ടവരേയും സ്വാധീനിക്കാൻ കഴിയുന്നു.

*** ബാറുകൾ ടൂറിസം വികസനത്തിന് അത്യന്താപേക്ഷിതമാണെന്ന് മാധ്യമങ്ങളുടെ സഹായത്തോടെ ബാറുടമകൾ ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചു.

*** മനോഹരമായ പ്രകൃതിയും കുറഞ്ഞ വിദ്യാഭ്യാസ ചിലവും ഉയർന്ന സുരക്ഷിതത്വവും മുന്തിയ ആരോഗ്യ പരിപാലനവുമുള്ള കേരളത്തിന് വിദേശ വിദ്യാർത്ഥികളെ ആകർഷിക്കുവാൻ കഴിയുന്നതും കേരളത്തിനെ ലോകത്തിലെ തന്നെ വിദ്യാഭ്യാസ ടൂറിസ്റ്റുകളുടെ ഹബ് ആക്കി മാറ്റാൻ കഴിയുന്നതുമാണ്.

*** ബാറുടമകളെ പ്രീതിപ്പെടുത്തുവാനും ബാർ നിരോധനം മാറ്റിയെടുക്കുവാനും മാധ്യമങ്ങൾ ഏറെ സമയം പാഴാക്കുകയുണ്ടായി.

*** ബാറുകളിലെ വൃത്തിഹീനമായ അന്തരീക്ഷം ടൂറിസ്റ്റുകൾക്കിടയിൽ കേരളത്തെ ചെകുത്താന്റെ സ്വന്തം നാട് എന്ന പേരിനർഹമാക്കുന്നു.

*** ബാറിൽ നിന്നു ലഭിക്കുന്ന വരുമാനത്തിന്റെ മൂന്നിലൊന്നു ഭാഗം നികുതിയായി അടക്കുകയാണെങ്കിൽതന്നെ കേരളത്തിന്റെ വികസനാവശ്യങ്ങൾക്കുള്ള സാമ്പത്തീക സ്രോതസ്സ് ലഭ്യമാകുന്നു.

*** മാർച്ച് 13, 2015 നമ്മുടെ ജനാധിപത്യത്തിനും കേരളത്തിനും എന്തൊരു നാണംകെട്ട ദിവസമായിരുന്നു. അന്നത്തെ നിയമസഭയ്ക്കകത്തെ പ്രകടനങ്ങൾ ദേശീയ രാഷ്ട്രീയക്കാരിൽപോലും നാണക്കേടുളവാക്കി എന്നത് ഖേദകരമാണ്.

- ഒരു പരിഷ്കൃത സമൂഹമാകുന്നതിനുള്ള ആദ്യപടി ആ സമൂഹം അടിമപ്പെടുന്ന ആൽക്കഹോളിസത്തിൽ നിന്നും സംരക്ഷണം നൽകുക തന്നെയാണ്.

- ബാർ നിരോധനം കുറഞ്ഞ അഴിമതിയിലേക്കും കുറഞ്ഞ ജീവിത ചെലവിലേക്കും സമൂഹത്തെ നയിക്കുന്നു.

- സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ബീയർ പാർലറുകൾ അനുവദിക്കപ്പെടുന്നവ ലേലം ചെയ്യേണ്ടതാണ്.

- പണ്ടൊരിക്കൽ 'കറുപ്പ്' നിരോധിച്ചപ്പോൾ ചെയ്തതുപോലെ വ്യക്തികൾക്ക് മെഡിക്കൽ പശ്ചാത്തലത്തിൽ ആവശ്യമായ ലൈസൻസ് കൊടുക്കുവാനുള്ള നടപടി സ്വീകരിക്കുക എന്നതാണ് വരും തലമുറയെ ആൽക്കഹോളിസത്തിൽ നിന്നും മോചിപ്പിക്കാനുള്ള ഏകവഴി.

- ഭക്ഷ്യവസ്തുക്കൾ, സോഫ്റ്റ് ഡ്രിംഗ്സ് എന്നിവയുടെ ഗുണപരിശോധന നടത്തുന്നതുപോലെ തന്നെ മദ്യത്തിന്റെയും ഗുണപരിശോധന നടത്തേണ്ടത് അത്യന്താപേക്ഷിതമാണ്.

■

# 26. പെട്രോളും നികുതിയും

**ഓ**രോ രാജ്യത്തും അതിന്റേതായ വികസന മാതൃക രൂപപ്പെടുത്തേണ്ടത് അതാത് കാലത്തെ ഭരണാധികാരികളാണ്. ഒരു ഭരണകൂടം തീരുമാനിക്കപ്പെടുന്നത് ആ രാജ്യത്തിന്റെ ജനങ്ങളുടെ ഭാവിയാണ് എന്നത് എടുത്ത് പറയേണ്ട കാര്യമാണ്.  പലപ്പോഴും ഇത്തരം തീരുമാനങ്ങൾ ജനകീയ അഭിലാഷത്തിനൊത്ത് ആകണമെന്നില്ല.  ജനാധിപത്യ രാഷ്ട്രമായ ഭാരതത്തിൽ അത്തരം തീരുമാനങ്ങളിൽ തങ്ങളുടെ എതിരഭിപ്രായം പ്രകടിപ്പിക്കാൻ പ്രതിപക്ഷത്തിന് അവകാശവുമുണ്ട്. പലപ്പോഴും ഇത്തരം തീരുമാനങ്ങളെ ഇരുകൂട്ടരും വ്യത്യസ്തമായ തലങ്ങിൽ നിന്നുകൊണ്ട് നോക്കി കാണുന്നതിനാൽ ആ തീരുമാനങ്ങളിലെ ആത്മാർത്ഥത തിരിച്ചറിയുക എളുപ്പമായിരിക്കില്ല.

ലോക വിപണിയിൽ അസംസ്കൃത എണ്ണയുടെ വില ബാരലിന് താഴേക്ക് കൂപ്പു കുത്തിയിരിക്കുകയാണ്.  അസംസ്കൃത എണ്ണയുടെ വില താഴേക്ക് പോകുമ്പോൾ അസംസ്കൃത എണ്ണ ഇറക്കുമതി ചെയ്യുന്ന ഭാരതത്തെപ്പോലുള്ള രാജ്യങ്ങൾക്കാണ് അതിന്റെ പ്രയോജനം ലഭിക്കുന്നത്. ഭാരതത്തിൽ തന്നെ മറ്റു സംസ്ഥാനങ്ങളിൽ നിന്നു വ്യത്യസ്തമായ ഉപഭോക്തൃ സംസ്ക്കാരമാണ് കേരളത്തിൽ നിലനിൽക്കുന്നത്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധനവ് എറ്റവും ദോഷകരമായി ബാധിക്കുക കേരളത്തെ പോലുള്ള ഉപഭോക്തൃ സംസ്ഥാനങ്ങളെയാണ്.  കേരളം ഉപ്പ് തൊട്ട് കർപ്പൂരം വരെയുള്ള ഉൽപ്പന്നങ്ങൾക്ക് അന്യ സംസ്ഥാനങ്ങളെയാണ് ആശ്രയിക്കുന്നത്.  അന്യ സംസ്ഥാനങ്ങളിൽ നിന്നും ഉൽപ്പന്നങ്ങൾ കേരളത്തിലേക്ക് എത്തിക്കുന്നതിന് ആവശ്യമായ ട്രാൻസ്പോർട്ടേഷൻ ചെലവുകളാണ് ഇത്തരം ആവലാതിക്ക് കാരണമായിട്ടുള്ളത്.

ആധുനിക കാലഘട്ടത്തിൽ എണ്ണയെ ആശ്രയിക്കാതെ നിലകൊള്ളാൻ ഏതൊരു രാജ്യത്തിനാണ് കഴിയുക?  അതുകൊണ്ടു തന്നെ എണ്ണ ഇറക്കുമതി ചെയ്യുന്ന രാജ്യങ്ങളിൽ എണ്ണയുടെ വിലയിടിവ് ആഘോഷിക്കപ്പെടേണ്ടതു തന്നെയാണ്. ഇന്ത്യയെ പോലുള്ള ദരിദ്ര രാഷ്ട്രങ്ങൾക്ക് താങ്ങാവുന്നതിനുമപ്പുറമാണ് അടിക്കടിയുണ്ടാകുന്ന എണ്ണയുടെ വിലവർദ്ധനവും അതുമൂലമുണ്ടാകുന്ന ഭാരിച്ച വിദേശ വിനിമയത്തിന്റെ കമ്മിയും.  എണ്ണയുടെ വില വർദ്ധനവ് മാത്രം മതി ജീവിത ചെലവ് വാണം പോലെ ഉയരുവാനായിട്ട്.  എണ്ണയുടെ വില ഇടിവ് എന്തുകൊണ്ടും ഭാരതത്തിന് ആശ്വാസം നൽകുന്നത് തന്നെയാണ്.

പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലയിടിവ് ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയാലും അത് ഇപ്പോഴുള്ള ജീവിത ചെലവിലെ മാറ്റങ്ങൾക്ക് കാരണമാകുമെന്ന് കരുതാവുന്നതല്ല.  ഇപ്പോൾ ഭാരതം ഭരിക്കുന്ന സർക്കാർ എണ്ണ

യുടെ വിലയിടിവിലുണ്ടാകുന്ന കുറവ് ഭാരത്തിലെ എണ്ണ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നില്ല എന്നതിൽ ഏറെ പഴി കേൾക്കേണ്ടി വരുന്നു.

എണ്ണ ഉൽപ്പാദക രാഷ്ട്രങ്ങൾ അവരുടെ എണ്ണ ഉൽപ്പാദനത്തിന്റെ ഉൽപ്പാദക ചെലവിലും ഏറെ അധികമായ ലാഭം കൊയ്തുകൊണ്ടിരിക്കുകയായിരുന്നു. ശരിയായ തോതിൽ അധികം വരുന്ന ലാഭം നിക്ഷേപിക്കാതിരുന്ന എണ്ണ ഉൽപ്പാദക രാഷ്ട്രങ്ങൾക്ക് ഭാവിയിലെ നിലനിൽപിനെ തന്നെ ഇതു ബാധിച്ചേക്കാം. ഇത്തരമൊരു ചിന്താധാരയിലൂടെ വേണം ഭാരതവും എണ്ണ വിലയിലെ പുതിയ സംഭവ വികാസത്തെ ഉൾകൊള്ളാൻ. പെട്രോളിയം ഉൽപ്പന്നങ്ങളിൽ പുതിയ നികുതി ചുമത്തിയതിലൂടെ എണ്ണ വില നിലനിർത്തിയിരിക്കുകയാണ്. ഇത് പുതിയ വരുമാന മാർഗ്ഗം തുറന്നു തരുന്നതും ഈ നൂറ്റാണ്ടിലെ എണ്ണ വിലയിലെ വർദ്ധനവ് തടയുവാനും ഭാവിയിൽ വന്നു ചേർന്നേക്കാവുന്ന ഊർജ പ്രതിസന്ധിയെ തരണം ചെയ്യാനുതകുന്ന കരുതൽ ധനവുമായി കണക്കാക്കേണ്ടതുമാണ്. വികസനാവശ്യത്തിന് ആവശ്യമായ ധനസമാഹരണം എന്നത് മാർക്കറ്റിൽ നേരിയ ചലനം പോലുമില്ലാതെ സമാഹരിക്കാൻ കഴിയുന്നത് ചെറിയ കാര്യമല്ല. ■

# 27. അവയവ ദാനവും റോഡുകളും

**കേ**രള സംസ്ഥാനത്ത് അവിടവിടെ കേൾക്കുന്ന രാഷ്ട്രീയ കൊല പാതകങ്ങൾ താൽക്കാലിക രാഷ്ട്രീയ ലാഭങ്ങൾക്ക് വളക്കൂറാകുന്നു. കൊന്നു തള്ളുന്ന ജീവന് ഒട്ടും വിലകൽപ്പിക്കാതെ അത്തരക്കാർ കൂടു തൽ ഉശിരോടെ തങ്ങളുടെ ആശയങ്ങളെ അംഗീകരിക്കാത്തവരോട് അസഹിഷ്ണത പ്രകടിപ്പിക്കുകയും ജനങ്ങളുടെ അവകാശങ്ങളെ ചോദ്യം ചെയ്യുംവിധം മുന്നേറുകയും ചെയ്യുന്നു.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇത്തരം അസഹിഷ്ണത പ്ര കടമാവുകയും അവ ആഭ്യന്തര യുദ്ധമായി നിലകൊള്ളുകയും ചെയ്യുന്നുണ്ട്. ഇത്തരം ആഭ്യന്തര യുദ്ധങ്ങളിൽ എത്രയെത്ര ജീവനുകളാണ് കൊല ചെയ്യ പ്പെടുന്നത്. രണ്ട് രാജ്യങ്ങൾ തമ്മിലുള്ള യുദ്ധത്തേക്കാൾ വെറി പിടിച്ച തായിരിക്കുന്നു ആഭ്യന്തര യുദ്ധങ്ങൾ. കേരളത്തിലെ കൊലയാളി രാഷ്ട്രീ യത്തെപ്പോലെ അവർക്കും അവരുടേതായ ആശയങ്ങളും അസഹിഷ്ണ തയും പറയുവാൻ ഉണ്ടായിരിക്കും.

കേരളത്തിൽ റോഡപകടങ്ങളിൽ മരണമടയുന്നവരുടെ തോത് മറ്റ് ഏതെങ്കിലും വികസിത സങ്കൽപ്പങ്ങളുള്ള രാജ്യത്ത് നിലവിലില്ലാത്ത താണ്. ആഭ്യന്തര യുദ്ധമായാലും രാജ്യങ്ങൾ തമ്മിലുള്ള യുദ്ധമായാലും അവയെപ്പോലും അമ്പരപ്പിക്കുന്നതൊ ആ യുദ്ധങ്ങളിൽ മരണമടയുന്ന വരുടെ സംഖ്യയെ ചോദ്യം ചെയ്യുന്നതൊ ആണ് നമ്മുടെ സ്വന്തം സംസ്ഥാ നത്തെ റോഡപകടങ്ങളിൽ മരണമടയുന്നവരുടെ സംഖ്യ. റോഡ് നിയമ ങ്ങൾ അവഗണിച്ചു കൊണ്ടുള്ള നമ്മുടെ ഈ വികസന യാത്രകൾ നമ്മുടെ നാളെകളെ നമുക്ക് തന്നെ നഷ്ടമാക്കി തന്നേക്കാം.

ചെറിയ സംസ്ഥാനമായ കേരളത്തിലെ റോഡപകടങ്ങൾ മൂലമുണ്ടാ കുന്ന മരണസംഖ്യ താരതമ്യം ചെയ്യുമ്പോൾ, ലോകത്ത് നടമാടുന്ന ആഭ്യ ന്തരവും അല്ലാതെയുമുള്ള യുദ്ധ മേഖലകളിൽ താമസിക്കുന്നവർക്കു പോലും മരണഭയം ഉണ്ടാവേണ്ട കാര്യമില്ല. കേരള സംസ്ഥാനത്ത് നില വിലുണ്ടായ ബാറുകൾ നിരോധിച്ചതു കൊണ്ടുമാത്രം കുറവ് വരുന്ന അപ കട മരണങ്ങൾ നമ്മുടെ റോഡ് സങ്കൽപ്പത്തെ വെളിവാക്കുന്നതാണ്. റോഡ് നിയമങ്ങൾ കൃത്യമായി പാലിക്കാതെയുള്ള റോഡ് അപകടങ്ങൾ പോലെ പ്രധാനമാണ് നമ്മുടെ റോഡുകളുടെ സ്ഥലപരിമിതിയും ശോച്യാ വസ്ഥയും.

പൊലിഞ്ഞ് പോയ ജീവനിൽ പ്രതീക്ഷയുടെ നഷ്ടസ്വപ്നങ്ങളാണ് പ്രതിഫലിക്കുന്നത്. കേരളീയൻ, മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യു മ്പോൾ, മരണാനന്തരമുള്ള അവയവ ദാനത്തെപ്പറ്റി കൂടുതൽ ബോധവാ

നായി മാറിയിട്ടുണ്ട്. മരണമടഞ്ഞ മനുഷ്യന് നേടുവാനുള്ളത് പരലോകത്ത് ലഭിക്കുന്ന പ്രതീക്ഷ തന്നെയാണ്. എന്തുകൊണ്ടും അവയദാനം എന്ന പുണ്യകർമ്മത്തിലൂടെ ലഭിക്കുന്നതും ഇത്തരം പ്രതീക്ഷയുടെ സാക്ഷാത് ക്കാരം തന്നെയാണ്. ജീവിതത്തിൽ ഒന്നും പ്രതീക്ഷിക്കാനില്ലാതെ ജീവ ച്ഛവമായി കാലം കഴിക്കേണ്ടി വരുന്ന ജീവന് പുതുനാമ്പു നൽകി ലോക ത്തിൽ നിന്ന് കടന്നു പോകാൻ കഴിയുന്നതിൽ കൂടുതൽ എന്തു പുണ്യ മാണ് പരലോകത്ത് മനുഷ്യന് ലഭിക്കുക.

ഇത്തരമൊരു പണ്യപ്രവൃത്തി ചെയ്യുമ്പോഴും നമ്മുടെ റോഡുകളിൽ തകർത്താടുന്ന റോഡ് നിയമ ലംഘനങ്ങൾ സാധാരണ പൗരന്റെ ജീവന് വില കൽപ്പിക്കുന്നില്ല എന്നത് ലോകത്തിൽ നിലനിൽക്കുന്ന മഹാ അപ രാധങ്ങളിൽ ഏറ്റവും മുന്തിയവയാണ്. ഇത്തരം അപരാധങ്ങൾ നമ്മുടെ ഭരണാധികാരികൾ തിരിച്ചറിയുമെന്നും ശരിയായ പരിഹാര മാർഗങ്ങൾ സ്വീകരിക്കുമെന്നും നമുക്ക് പ്രതീക്ഷിക്കാം.

■

# 28. ദൈവഭയം

നമ്മുടെ മനസ്സ് സൃഷ്ടിച്ചിരിക്കുന്നത് കല്ലുപോലെ കഠിനമായിട്ടല്ല. അത് വളരെ തരളവും താളലയം പോലെ അനുഗ്രഹീതവുമാണ്. അത്തരമൊരു മനസ്സ് ജീവിതത്തിൽ പലവിധ സംഘർഷത്തിലൂടെ കടുന്നുപോകാൻ കാരണമാകുന്നു. വിവിധ ഭാവലയങ്ങൾ നമുക്ക് സമ്മാനിക്കുന്നു. ഈ മനസ്സിനെ എങ്ങനെ നോക്കി കാണുന്നു, എങ്ങനെ മെരുക്കിയെടുക്കുന്നു എന്നതാണ് ജീവിതാവസ്ഥയിലെ സന്തോഷത്തിനും സന്താപത്തിനും കാരണമാകുന്നത്.

ഉദാഹരണമായി ഒരാൾ മദ്യത്തെ എങ്ങനെ നോക്കി കാണുന്നു എന്നതാണ് അയാൾക്ക് മദ്യത്തോട് അടുക്കാനും തന്റെ ജീവിതാവസ്ഥയിൽ മദ്യപാനം ആരംഭിക്കുവാനും ആരംഭിക്കാതിരിക്കാനും കാരണമാകുന്നത്. സാഹചര്യങ്ങളും സമ്മർദ്ദങ്ങളും അത്തരമൊരു അവസ്ഥയെ പ്രോത്സാഹിപ്പിക്കുന്നുണ്ടാകാം. നമ്മുടെ മനസ്സിന് ശരിയായ വിശകലനം നടത്തുവാൻ എപ്പോഴും കഴിയുമായിരിക്കില്ല.

ഇത്തരം സംഘർഷപൂരിതമായ മനസ്സിന് ഒരു താങ്ങും തണലും ആവശ്യമായി വരുന്നു. അവിടെയാണ് ദൈവീകമായ കാരുണ്യത്തിന്റെ പ്രസക്തി നിലനിൽക്കുന്നത്. അസ്ഥിരമായ മനസ്സിന് ശരണമായി ദൈവസ്നേഹം മാറുന്നു.

പലപ്പോഴും മനുഷ്യൻ ദൈവത്തോട് പ്രാർത്ഥനാ രൂപത്തിൽ ആവശ്യപ്പെടുകയാണ് ചെയ്യുന്നത്. അവന് ജോലി വേണമെന്നൊ, ലോട്ടറി അടിക്കണമെന്നൊ തുടങ്ങി നൂറ് നൂറ് ആവശ്യങ്ങൾ. സത്യത്തിൽ ഈ ആവശ്യങ്ങളാകട്ടെ നീതിക്ക് നിരക്കുന്നതായിരിക്കണമെന്നില്ല. ചിലപ്പോൾ ന്യായമാണെന്ന് തോന്നുന്നതുമാകാം.

എല്ലാം നോക്കി കാണുന്ന ദൈവത്തിന് നമ്മുടെ ആവശ്യങ്ങളുടെ പട്ടിക നിരത്തേണ്ടതായി വരുന്നില്ല. നന്മയും തിന്മയുമെല്ലാം നോക്കിക്കാണുന്നു എന്നു വ്യക്തം. നമ്മുടെ പ്രവൃത്തികളാണ് ദൈവത്തിന്റെ കാരുണ്യത്തിനു കാരണമാകുന്നത്. ആവശ്യങ്ങളുടെ പട്ടിക നിരത്തുകയല്ല, ദൈവത്തിന്റെ കാരുണ്യം പോലെ സംഭവിക്കട്ടെ എന്നതായിരിക്കണം പ്രാർത്ഥനയുടെ രത്നചുരുക്കം.

വിവിധ മതവിഭാഗങ്ങൾ വിവിധ വിശ്വാസങ്ങളുമായും വിവിധ ആചാരങ്ങളുമായും ദൈവത്തെ സ്തുതിക്കട്ടെ. വേറിട്ട ഇത്തരം വിശ്വസങ്ങൾക്കിടയിലും ആചാരങ്ങൾക്കിടയിലും മനുഷ്യന്റെ മനസ്സിന് ശക്തിയും ഓജസ്സും ലഭിക്കട്ടെ. അവിടെ മതങ്ങളുടെ സൗഹൃദം വളരുന്നു.

■

# 29. സഭയും പ്രേഷിത പ്രവർത്തനവും

**വി**വിധ ജാതി മത വിഭാഗങ്ങൾ എല്ലാ കാലത്തും വ്യത്യസ്ഥമായ വിശ്വാസങ്ങളോടെ ഒത്തൊരുമിച്ചു വസിക്കേണ്ടി വരാറുണ്ട്. ഇത്തരം വ്യത്യ സ്ഥമായ വിശ്വാസങ്ങൾ പലപ്പോഴും കലഹങ്ങൾക്കും കാരണമാകാറുണ്ട്. തങ്ങളുടെ വിശ്വാസ സത്യങ്ങളാണ് ശരിയായത് എന്ന ഉറച്ച വിശ്വാസ മാണ് ചിലരുടെ ചിന്തകളെ നയിക്കുന്നതെങ്കിൽ മറ്റു ചിലരെ നയിക്കുന്നത് സങ്കുചിത ജാതി മത ചിന്തകളാണ്.

ശരിയേത് എന്നു തിരിച്ചറിയുക എന്നതാണ് ഇതിനുള്ള ശരിയായ പരിഹാരമാർഗം. ഇത് അത്ര എളുപ്പമുള്ള കാര്യമല്ല. നമ്മുടെ പാരമ്പര്യം, ശാസ്ത്രബോധം, കാര്യങ്ങളെ വിവേചിച്ചറിയുവാനുള്ള കഴിവ് എന്നിവ യെല്ലാം ഒരു പരിധി വരെ നമുക്ക് ശരിയായ ദിശാബോധം നൽകുന്നു.

എല്ലാ ജാതി മത വിഭാഗങ്ങളും സമൂഹത്തിന്റെ ഗുണപരമായ മുന്നേറ്റ ത്തിനായാണ് ശ്രമിക്കുന്നത്. അത്തരം ശ്രമങ്ങൾ മേന്മയേറിയ പാരമ്പര്യ ത്തിന്റേയും, ശാസ്ത്രബോധത്തിന്റേയും, കാര്യങ്ങൾ വിവേചിച്ചറിയുവാ നുള്ള കഴിവിന്റേയും അടിസ്ഥാനത്തിൽ വേണം വിലയിരുത്തുവാൻ. ഇതര മത വിഭാഗങ്ങളെ പോലെ തന്നെ ക്രിസ്തീയ മിഷനറിമാരും അവ രുടെ വിശ്വാസം പ്രചരിപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തുകയുണ്ടായി. എന്നാൽ ജാതി മത ഭേദമന്യെയുള്ള വിദ്യാഭ്യാസത്തിലും ആതുര സേവനത്തിലും ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നു.

സമൂഹത്തിലെ പാരമ്പര്യം, ശാസ്ത്രബോധം, കാര്യങ്ങൾ വിവേചി ച്ചറിയുവാനുള്ള കഴിവ് എന്നിവയെ സഭാ പ്രവർത്തകരും പ്രത്യേക താത്പ ര്യമെടുത്ത് പ്രോത്സാഹിപ്പിക്കേണ്ടിയിരിക്കുന്നു. വിശ്വസത്തോടൊപ്പം നല്ല സമൂഹത്തിന് ആവശ്യമായ ഇത്തരം ഗുണങ്ങൾ ഉള്ളവരെ സഭാ പ്രവർ ത്തകരും പ്രോത്സാഹിപ്പിക്കേണ്ടിയിരിക്കുന്നു. സാമ്പത്തിക അടിത്തറ ഭദ്രമാ ക്കുന്നതിനായാലും വിദ്യാഭ്യാസ അടിത്തറ ഭദ്രമാക്കുന്നതിനായാലും ആതുര ശുശ്രൂഷ ലഭിക്കേണ്ടതിനായാലും ഇത്തരം ഗുണങ്ങൾക്ക് മുന്തിയ പരിഗണന സഭാപ്രവർത്തകർ നൽകേണ്ടിയിരിക്കുന്നു.

നമ്മൾ ഇരുപത്തി ഒന്നാം നൂറ്റാണ്ടിലെത്തി നിൽക്കുകയാണെന്ന തിരിച്ചറിവിലൂടെ മാത്രമെ മേന്മയുള്ള സമൂഹത്തെ കെട്ടിപ്പടുക്കുവാനാവു കയുള്ളൂ. സഭാ മക്കളിൽ ദരിദ്രരായവരെ സമൂഹത്തിൽ മേന്മയുള്ളവരായി പരിഗണിച്ച് അവരുടെ പിന്നോക്കാവസ്ഥയ്ക്ക് മുന്തിയ പരിഗണന നൽകേ ണ്ടിയിരിക്കുന്നു. ദരിദ്രരായ സഭാ മക്കൾക്ക് ഏറ്റവും മുന്തിയ വിദ്യാഭ്യാസ സ്ഥാപനങ്ങളും ആതുര ശുശ്രൂഷാ സ്ഥാപനങ്ങളും സൗജന്യമായി പ്രാപ്യ മാക്കും വിധമാകട്ടെ സഭയുടെ ഈ നൂറ്റാണ്ടിലെ പ്രേഷിത പ്രവർത്തന മെന്ന് നമുക്ക് ആശിക്കാം.

■

# 30. സീക്ക വൈറസും കൊതുകും

**എന്റെ** തന്നെ കഥാ സമാഹാരമായ "ഒരു ബുദ്ധി ജീവിയും കുറെ അനുയായികളും" എന്ന പുസ്തകത്തിൽ "നീണാൾ വാഴാനായിട്ടൊരു പ്രസിഡന്റ്" എന്നൊരു കഥയുണ്ട്. ഈ കഥയിൽ പഞ്ചായത്തിൽ പുതിയ പ്രസിഡന്റിനെ വാഴിക്കുന്നതും പിന്നീട് കൊതുക്ജന്യമായ രോഗം പട രുന്നത് തടയുന്നതിനായി മരുന്നു തളിക്കേണ്ടതിന്റെ ആവശ്യകത പറയു മ്പോൾ പ്രസിഡന്റിന്റെ മറുപടി, നമ്മുടെ സംസ്ഥാനത്ത് നിലനിൽ ക്കുന്ന ജനാധിപത്യത്തിന്റേയും ശരാശരി പഞ്ചായത്ത് പ്രസിഡന്റിന്റെ നില വാരത്തേയുമാണ് വ്യക്തമാക്കുന്നത്.

ലോകത്ത് എല്ലാക്കാലത്തും ഏതെങ്കിലും തരത്തിലുള്ള ഭരണക്രമം ഉണ്ടായിട്ടുണ്ട്. അപ്പോഴൊക്കെ അവയെ എതിർത്തും അനുകൂലിച്ചും പല വിധ വ്യത്യസ്ത നിലപാടുകൾ അവിടങ്ങളിലെ പൗരന്മാർ സ്വീകരിച്ചി രുന്നതായി കാണാം. പലവിധ ഭരണമാറ്റങ്ങൾക്കും ശേഷം പൊതുവെ സമാധാനപരവും ശാശ്വതവുമായി പരിഗണിക്കപ്പെടുന്നത് ജനാധിപത്യ മാർഗ്ഗമാണ്. ഭാരതത്തിലും ഇന്ന് നിലവിലുള്ള ഭരണക്രമം ജനാധിപത്യ രീതിയാണ്.

ജനാധിപത്യ രാഷ്ട്രങ്ങളിൽ ജനങ്ങൾ അവരുടെ നിലവാരത്തിനൊ ത്തവിധം നേതാക്കളെ തിരഞ്ഞെടുക്കുന്നു. അല്ലെങ്കിൽ അവിടത്തെ ജന ത്തിന് അർഹിക്കുന്ന നിലവാരത്തിനൊത്ത ഭരണാധികാരികളെ ലഭി ക്കുന്നു. സത്യസന്ധതയ്ക്കും വിദ്യാഭ്യാസത്തിനുമൊപ്പം ശരിയായ തീരുമാ നങ്ങളെടുക്കുവാനുള്ള കഴിവും പരിഗണിക്കപ്പെടുന്നുവെങ്കിൽ തീർച്ച യായും ആ സമൂഹം തിരഞ്ഞെടുക്കുക ഈ മൂന്നു കാര്യങ്ങളിലും കേമനാ യിട്ടുള്ള ആളെയായിരിക്കും. ചുരുക്കത്തിൽ സമൂഹം കൊടുക്കുന്ന മുന്തിയ പരിഗണന എന്തിനാണൊ അതുതന്നെയാണ് തിരിച്ചും അത്തരം ഭരണാ ധികാരിയിൽ നിന്നു ലഭിക്കുക.

ചിക്കൻ ഗുനിയ പടർത്തിയ കൊതുക് തന്നെയാണ് സീക്ക വൈറസും പരത്തുന്നത് എന്നത് കേരളീയരെ കൂടുതൽ ജാഗരൂഗരാക്കുന്നു. രോഗമു ള്ളവരുമായുള്ള ലൈഗീക ബന്ധം വഴിയും രക്തത്തിലൂടേയും രോഗം പകരുന്നതാണെങ്കിലും കൊതുക് പരത്തുന്ന രോഗമെന്നത് കൊണ്ടു തന്നെ സമൂഹത്തിൽ കൊതുകിനെ നിയന്ത്രിക്കുക എന്നത് തന്നെയാണ് പ്രധാനമായ പ്രതിരോധ മാർഗം.

കേരളം പോലുള്ള സംസ്ഥാനത്ത് നിലവിലുള്ള ഭൂപ്രകൃതിയും കാലാ വസ്ഥയും കൊതുകകൾക്ക് പെറ്റു പെരുകാൻ അനുയോജ്യമാണ്. ഇത്തര മൊരവസ്ഥയിലാണ് കൊതുക് നിർമാർജനത്തെപ്പറ്റിയും കൊതുക് വളരാ നുള്ള നിലവിലുള്ള സാഹചര്യങ്ങൾ ഇല്ലാതാക്കേണ്ടതിന്റെ ആവ ശ്യകതയെപ്പറ്റിയുമൊക്കെ തീരുമാനങ്ങളെടുക്കേണ്ടി വരുന്നത്.

പഞ്ചാത്ത് രാജ് നിയമ സംവിധാനം നിലവിൽ വന്നതോടെ തദ്ദേശ ഭരണ കൂടങ്ങളുടെ ഉത്തരവാദിത്വങ്ങളും കൂടുകയാണ്. ലോകാരോഗ്യ സംഘടന നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ അതത് പ്രദേശങ്ങളിൽ നടപ്പിലാക്കുക എന്നത് തന്നെയാണ് അടിയന്തിരമായി നടപ്പിലാക്കേണ്ടത്. "നീണാൾ വാഴാനായിട്ടൊരു പ്രസിഡന്റ്" എന്ന കഥയിൽ പറയുന്നതു പോലെ കൊതുകുകൾ പെറ്റുപെരുകി ജീവിതം അസഹ്യമാവുമ്പോൾ നിലാരംബരായ ജനങ്ങളുടെ നിസഹായതയെ മുതലെടുത്ത് ഉത്ഘാടനവും കൊതുക് നശീകരണവുമൊക്കെ സംഘടിപ്പിക്കാൻ കാത്ത് നിൽക്കാതെ അടിയന്തിരമായി കൊതുക് നശീകരണം നടപ്പിലാക്കാൻ തദ്ദേശ ഭരണ കൂടങ്ങൾ തയ്യാറാവുക തന്നെ വേണം.

■

# 31. വിദ്യാർത്ഥി രാഷ്ട്രീയം

**വി**ദ്യാർത്ഥി രാഷ്ട്രീയത്തെപ്പറ്റി ഏറെ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതാണ്. വിദ്യാർത്ഥികൾക്ക് അഭിപ്രായ പ്രകടനങ്ങളുമായി ഏതറ്റം വരെ പോകാം എന്നതാണ് ചർച്ച ചെയ്യപ്പെടേണ്ടത്. കഴിഞ്ഞ മൂന്ന് നാല് പതിറ്റാണ്ടുകൾക്ക് മുമ്പ് കേരളത്തിലെ സ്ക്കൂളുകൾ സമര വേദികളായിരുന്നു. കാര്യവിവരമുള്ളവർ അത്തരം രാഷ്ട്രീയ പാപ്പരത്വം പ്രകടമാക്കുന്ന സ്കൂളുകൾ ഉപേക്ഷിക്കാനും പുതിയ തലമുറയെ മെച്ചപ്പെട്ട പഠനത്തിനായും തയ്യാറാക്കി. നേട്ടങ്ങൾ കൊയ്ത തലമുറകളെ കണ്ടിട്ടാകണം നമ്മുടെ സ്കൂളുകളിലേക്ക് രാഷ്ട്രീയ വാദമുഖങ്ങളുമായി എത്തുന്നവരെ ആട്ടിയോടിക്കാൻ സമൂഹം തയ്യാറായി. സെൽഫ് ഫിനാൻസിങ് മേഖലയിലെ വിദ്യാഭ്യാസത്തിനെതിരായ സമരങ്ങളും അവരുടെ മക്കളെ സെൽഫ് ഫിനാൻസിങ് കോളേജുകളിലും വിദേശ പഠനത്തിന് അയക്കുന്നതുമെല്ലാം ഈ അടുത്ത കാലത്തെ സംഭവ വികാസങ്ങൾ.

ഏതേത് വിഷയങ്ങളിൽ വിദ്യാർത്ഥികൾക്ക് അഭിപ്രായം പറയാമെന്നും ചർച്ചകളും വാദമുഖങ്ങളുമായി ഏതറ്റത്തോളം മുന്നോട്ടു പോകാൻ അനുവദിക്കണമെന്നുമൊക്ക തീരുമാനിക്കപ്പെടേണ്ടിയിരിക്കുന്നു. ഭാരതം ഒരു ജനാധിപത്യ-സ്വതന്ത്ര രാഷ്ട്രമാണെന്നിരിക്കെ തങ്ങൾ പറയുന്ന തീരുമാനങ്ങൾ നടപ്പിലാക്കണമെന്ന നിർബന്ധ ബുദ്ധിയോ അസഹിഷ്ണുതയോ പ്രകടിപ്പിക്കുന്നത് സ്വതന്ത്ര രാഷ്ട്രങ്ങൾക്ക് ചേർന്നതല്ല. വിദ്യാർത്ഥികൾ തങ്ങൾ പഠിക്കുന്ന വിഷയങ്ങളിൽ പ്രാഗത്ഭ്യം തെളിയിക്കേണ്ടതും ആ വിഷയങ്ങളിലെ പുതുമകൾ സമൂഹത്തിന് സമ്മാനിക്കേണ്ടവരുമാണ്. പലപ്പോഴും വിദ്യാർത്ഥികൾക്ക് അവർ ഏതേത് വിഷയങ്ങളിലാണോ പ്രാഗത്ഭ്യം തെളിയിക്കപ്പെടേണ്ടത് ആ മേഖലയിൽ ലഭിക്കുന്നതിനേക്കാൾ ആളും അർത്ഥവും ലഭിക്കുന്നത് രാഷ്ട്രീയ ചർച്ചകൾക്കും അശാസ്ത്രീയമായ വിഷയങ്ങളിലുമാണ്. അധികാരത്തിനായും ആശയപരമായ നിലപാടുകൾക്കായും ജീവത്യാഗം ചെയ്യുന്ന രാഷ്ട്രീയക്കാർ നമ്മുടെ വിദ്യാർത്ഥികളെ വഴിതെറ്റിക്കുന്നു എന്ന് വ്യക്തം.

ഇന്ന് കേരളത്തിൽ രാഷ്ട്രീയ, ഉദ്യോഗസ്ഥ, വ്യവസായിക മേഖലയിൽ എത്തിപ്പെട്ടവർ സ്വതന്ത്രാനന്തര ഭാരതത്തിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയവരാണ്. രാഷ്ട്രീയ മേഖലയിൽ തേരോട്ടം നടത്തിയവർ തങ്ങളുടെ അധികാരം നിലനിർത്തുവാനായി വിദ്യാർത്ഥികളെ ചട്ടുകങ്ങളാക്കുന്നു. തങ്ങളുടെ ഇരിപ്പിടങ്ങൾ സുരക്ഷിതമാക്കുന്നതിന് വിദ്യാർത്ഥികളേയും ഇതര മേഖലകളേയും ചട്ടുകങ്ങളാക്കുന്നതിലൂടെ വിദ്യാർത്ഥികളെ എന്ന പോലെ രാഷ്ട്രത്തിന്റെ ഭാവിയേയുമാണ് തടസ്സപ്പെടുത്തുന്നത്. സ്വതന്ത്രാ

നന്തര ഭാരതത്തിൽ വിജയം നേടിയവർ വിദ്യാർത്ഥി സമൂഹത്തിന് ശരിയായ ദിശാബോധം നൽകേണ്ടവരാണ്.

മേന്മയുള്ള സംസ്ക്കാരവും മേന്മയുള്ള ഇടപെടലുകളും നടത്തുന്നവരുടെ നേതൃത്വമില്ലായ്മയാണ് ഇന്നത്തെ സമൂഹം നേരിടുന്ന പ്രതിസന്ധി. പതിറ്റാണ്ടുകൾക്ക് മുമ്പ് തങ്ങളുടെ കാലഘട്ടത്തിൽ ചെയ്തു കൂട്ടിയ പ്രവൃത്തികൾ ശരിയെന്നു കരുതിയുള്ള മുന്നോട്ട് പോക്ക് നമ്മെ ഒരിടത്തും എത്തിക്കുകയില്ല. പുതിയ തലമുറയിൽ പ്രതീക്ഷ പുലർത്തണമെങ്കിൽ ക്യാമ്പസുകൾ കൂടുതൽ ജാഗ്രത കാണിക്കേണ്ടിയിരിക്കുന്നു. ക്യാമ്പസ്സുകളിൽ അളവിൽ കൂടുതൽ സ്വാതന്ത്ര്യമനുഭവിച്ച് നമ്മുടെ ക്യാമ്പസുകളെ മലീനസമാക്കിയവരാണ് ഇന്ന് സമൂഹത്തിൽ അസഹിഷ്ണതയും അലങ്കോലങ്ങളും ഉണ്ടാക്കുന്നത് എന്ന് തിരിച്ചറിയുമെന്നും പുതിയ തലമുറയെ പുതിയ പ്രതീക്ഷ നൽകുന്നവരാക്കുമെന്നും പ്രതീക്ഷിക്കാം. ■

# 32. ട്വന്റി 20 നൽകുന്ന തിരിച്ചറിവ്

**കേ**രളം പോലുള്ള സംസ്ഥാനത്ത് ഒരു വ്യവസായ കാലാവസ്ഥ നിലവിലില്ല എന്നാണ് പൊതുവെ കരുതപ്പെടുന്നത്. ലോകത്തിൽ ഒരു പക്ഷേ നോക്കുകൂലി പോലുള്ള രീതികളെ അനുകൂലിക്കുന്നത് തൊഴിലാളി അനുകൂല മനോഭാവത്തെയാണ് സൂചിപ്പിക്കുന്നത് എന്ന് വിചാരിക്കുന്ന ഭരണാധികാരികൾ കേരളത്തിൽ മാത്രമെ കാണുകയുള്ളൂ.

ബ്രിട്ടീഷുകാർ ഭാരതം ഭരിച്ചിരുന്നപ്പോൾ ഉണ്ടായിരുന്ന വിദ്യാഭ്യാസത്തിന്റെ തോതിൽ നിന്ന് ഭാരതം പ്രത്യേകിച്ച് കേരളം വളരെയേറെ മാറിയിട്ടുണ്ട്. കൂടുതൽ കൂടുതൽ ടെക്നോളജിയുടെ വികസനം മാത്രമല്ല കാര്യക്ഷമതയുടെ കാര്യത്തിലായാലും ഭാരത പൗരന്റെ പ്രത്യേകിച്ച് കേരളീയന്റെ നിലവാരം മാറിയിരിക്കുന്നു. ഇത്രയെല്ലാം മാറ്റങ്ങളെ ഉൾക്കൊള്ളാനും അതനുസരിച്ച് സർക്കാർ ഓഫീസുകൾ പുനഃക്രമീകരിക്കാനും പുതിയ തലമുറയിലെ ഭരണാധികാരികൾക്കോ അതിനു നേതൃത്വം നൽകുന്ന രാഷ്ട്രീയ പാർട്ടികൾക്കോ കഴിഞ്ഞിട്ടില്ല. സർക്കാരിന്റെ പൊതു പണം ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഓഫീസുകൾ നവീകരണത്തിൽ വിമുഖത കാണിക്കുമ്പോൾ നവീകരണത്തോടുള്ള കേരളീയന്റെ പൊതുനിലപാട് തന്നെയാണ് വ്യക്തമാക്കപ്പെടുന്നത്. നമ്മുടെ സർക്കാർ ഓഫീസുകളോടുള്ള ഭരണാധികാരികളുടെ നിലപാടിതാണെങ്കിൽ മറ്റിതര മേഖലയിൽ എത്രത്തോളം അലംഭാവത്തോടെയായിരിക്കും മാറ്റങ്ങളെ ഉൾക്കൊള്ളുക.

കേരളിലെ കാർഷിക മേഖല വല്ലാത്തൊരു പ്രതിസന്ധിയിലാണ്. കാർഷിക ഉൽപ്പന്നങ്ങളുടെ കാര്യത്തിൽ അന്യസംസ്ഥാനങ്ങളെ ആശ്രയിച്ച് കഴിയുന്ന അവസ്ഥയിലേക്ക് കേരളത്തെ എത്തിച്ചത് പുതിയ തലമുറയിലെ ഭരണ-രാഷ്ട്രീയ നേതൃത്വങ്ങളുടെ നിലപാടുകൾ തന്നെയാണ്. കാർഷിക ഉൽപ്പന്നങ്ങളിൽ തളിച്ച് വരുന്ന രാസവസ്തുക്കൾ കേരളീയന്റെ ആരോഗ്യത്തെ മാത്രമല്ല അടുത്ത തലമുറയേയും രോഗാവസ്ഥയിലേക്കാണ് നയിച്ചിട്ടുള്ളത്. അഴിമതിയും അഴിഞ്ഞാട്ടവും സർക്കാർ ഓഫീസുകളിലും ഭരണ മേഖലയിലും മാത്രമല്ല കാർഷിക മേഖലയേയും ബാധിച്ചിരിക്കുന്നു. കാർഷിക മേഖലയിൽ പുതിയ ടെക്നോളജികൾ പ്രയോജനപ്പെടുത്താനുള്ള അന്തരീക്ഷം കേരളത്തിൽ നിലവിലില്ലാതിരുന്നതു തന്നെയാണ് കേരളീയൻ കാർഷീക കേരളത്തെ മറക്കുവാനും കാരണമായിട്ടുള്ളത്.

കേരളത്തിൽ പുതുതലമുറ ഭരണാധികാരികൾ ആരംഭിച്ചിട്ടുള്ളതും ആരംഭിക്കാൻ നിർദ്ദേശിച്ചിട്ടുള്ളതുമായ സ്ഥാപനങ്ങൾ പൊതുവെ നിശ്ചിത കാലാവധിക്ക് പൂർത്തീകരിക്കുവാനോ പ്രവർത്തനം ആരംഭിക്കുവാനോ കഴിഞ്ഞിട്ടില്ലാത്തവയാണ്. അത്തരം പദ്ധതികൾ പ്രവർത്തനം ആരംഭിക്കുവാ

നുള്ള തടസ്സവും താമസവും വ്യക്തമാക്കുന്നത് നമ്മുടെ വികസന മനോഭാവത്തെയാണ്.

തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പഞ്ചായത്തീരാജ് സംവിധാത്തിലൂടെ കിട്ടിയിട്ടുള്ള അധികാരങ്ങളും ധനവിഭവങ്ങളുമൊക്കെ പ്രയോജനപ്പെടുത്തുകയാണെങ്കിൽ കേരളത്തിലെ ഗ്രാമങ്ങൾ ആധുനീകതയുടെ പര്യായങ്ങളായി മാറുമെന്നതിൽ സംശയമില്ല. കേരളത്തിൽ കിഴക്കമ്പലം പഞ്ചായത്തിൽ രൂപം കൊണ്ട ട്വെന്റി 20 പോലുള്ള ഭരണ സംവിധാനങ്ങൾ കേരളത്തിലെ തകർന്ന് പോയ്ക്കൊണ്ടിരിക്കുന്ന കാർഷിക, വ്യാവസായിക മേഖലയിൽ ഉയർത്തെഴുന്നേൽപ്പിനായി ജനം തന്നെ സ്വീകരിച്ച നിലപാടുകളാണെന്നു തിരിച്ചറിയേണ്ടിയിരിക്കുന്നു.

■